*Uncorrected/Not for publication*

*14-10-2026*

*Adjournment Motion*

## II നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

<u>മി. സ്പീക്കർ</u>: സംസ്ഥാനത്ത് ഇപ്പോഴും തുടരുന്ന പവർകട്ടും ലോഡ്ഷെഡ്ഡിങ്ങും അപ്രഖ്യാപിത പവർകട്ടും കാരണം പൊതുജനങ്ങൾ അനുഭവിക്കുന്ന വിഷമസ്ഥിതിയും വ്യവസായ വാണിജ്യമേഖലയിലെ പ്രതിസന്ധിയും പരിഹിക്കാൻ സാധിക്കാത്ത കെ.എസ്.ഇ.ബി.എൽ-ന്റെ അനാസ്ഥമൂലം പൊതുജനങ്ങൾക്കുണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവശ്രീ ജി. ആർ. അനിൽ, കെ. പ്രേംകുമാർ, പി. കെ. പ്രവീൺ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

*Uncorrected/Not for publication*

*14-10-2026*

*Adjournment Motion*

അപ്രഖ്യാപിത പവർകട്ടും പുതിയ കണക്ഷനുകളുടെ നിരക്കുവർധനയുംമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ

വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. സണ്ണി ജോസഫ്): സർ, സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ എല്ലാവിധ ശ്രമങ്ങളും നടത്തി വിജയിച്ചുവരികയാണ്. ബഹു. മുഖ്യമന്ത്രി വിദേശത്തായിരുന്ന സമയം തന്നെ കേന്ദ്ര ഊർജ വകുപ്പുമന്ത്രിയുമായി ഫോണിൽ സംസാരിക്കുകയും, പിന്നീട് ഡൽഹിയിൽവച്ച് NTPC ചെയർമാനുമായി നേരിട്ട് ചർച്ച നടത്തുകയും ചെയ്തിരുന്നു. കൂടാതെ ഞാനും കേന്ദ്ര ഊർജ വകുപ്പുന്ത്രിയെ കണ്ട് ഈ വിഷയങ്ങൾ സംസാരിക്കുകയുണ്ടായി. പരമാവധി വൈദ്യുതി ലഭ്യമാക്കുന്നതിനായി വൈദ്യുതി ബോർഡ് ചെയർമാനും മറ്റ് ഉദ്യോഗസ്ഥരും വിവിധ സംസ്ഥാനങ്ങൾ സന്ദർശിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഫലമായി ഒക്ടോബർ മാസത്തിൽ ഇതുവരെ സംസ്ഥാനത്ത് യാതൊരുവിധ വൈദ്യുതി നിയന്ത്രണവും ഏർപ്പെടുത്തിയിട്ടില്ല. ഇന്നലെ രാജ്യത്തുടനീളം

power failure ഉണ്ടായപ്പോഴും ആ പ്രതിസന്ധിയെപ്പോലും അതിജീവിക്കാൻ കേരളത്തിന് സാധിച്ചു. നിലവിലെ വൈദ്യുതി പ്രതിസന്ധി തരണം ചെയ്യാനുള്ള എല്ലാ പരിശ്രമങ്ങളും നടത്തിക്കൊണ്ടിരിക്കുകയാണ്. കാലാവസ്ഥാ വ്യതിയാനംമൂലം കേരളത്തിൽ ഏറ്റവും കുറഞ്ഞ അളവിൽ മഴ ലഭിച്ച ഒരു കാലയളവാണിതെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. പ്രത്യേകിച്ച്, പ്രധാന ജലസംഭരണികളുള്ള ഇടുക്കി ജില്ലയിൽ ചരിത്രത്തിലെ ഏറ്റവും കുറവ് മഴ രേഖപ്പെടുത്തിയ സമയമായിരുന്നു ഇത്. എന്നാൽ, മറുവശത്ത് സംസ്ഥാനത്ത് അപ്പോഴാണ് വൈദ്യുതി ഉപയോഗം ഏറ്റവും കൂടുതൽ വർധിച്ചത്. ഈ രീതിയിൽ ഉൽപാദനം കുറയുകയും ഉപയോഗം ഗണ്യമായി കൂടുകയും ചെയ്ത സാഹചര്യത്തിലും ജനങ്ങളുടെ പ്രയാസങ്ങൾ മനസ്സിലാക്കി പരിഹാരം കാണാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും സർക്കാരിന്റെയും നേതൃത്വത്തിൽ തീവ്രമായ പരിശ്രമങ്ങളാണ് നടത്തിയത്, ആ ശ്രമങ്ങൾ ഇപ്പോഴും തുടരുന്നു. ഇതിനോട് വൈദ്യുതി ബോർഡ് അംഗങ്ങളും ഉദ്യോഗസ്ഥരും പൂർണ്ണമായും

സഹകരിച്ച വരുന്നുണ്ട്. ജനങ്ങളുടെ പ്രയാസം മനസ്സിലാക്കി പരിഹരിക്കാനുള്ള പരിശ്രമങ്ങൾ തുടരുകതന്നെ ചെയ്യും. അതിൽ സർക്കാർ വിജയിക്കും.

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി വളരെ ലാഘവത്തോടുകൂടി ഇതൊരു ആഗോള പ്രതിഭാസമാണെന്ന് പറഞ്ഞ് രക്ഷപ്പെടാനാണ് ആദ്യ വാക്കിൽത്തന്നെ ശ്രമിച്ചിരിക്കുന്നത്. 2016 മുതൽ നീണ്ട പത്തുവർഷക്കാലം പവർകട്ട് എന്താണെന്ന് അറിയാത്തൊരു തലമുറ നമ്മുടെ നാട്ടിലുണ്ടായിരുന്നു. എന്നാൽ, അവർക്ക് പവർകട്ട് എന്താണെന്ന് മനസ്സിലാക്കിക്കൊടുക്കാൻ ബഹുമാന്യനായ ശ്രീ. സണ്ണി ജോസഫ് തന്നെ വരേണ്ടിവന്നു എന്നുള്ളത് ദൗർഭാഗ്യകരമായ കാര്യമാണ്. അധികാരമേറ്റ് വെറും അഞ്ചുമാസക്കാലം മാത്രം പ്രായമുള്ള ഈ യു.ഡി.എഫ്. സർക്കാർ ജനങ്ങളെ വീണ്ടും പവർകട്ടിലേയ്ക്കും അപ്രഖ്യാപിത ലോഡ്ഷെഡ്ഡിങ്ങിലേക്കും തള്ളിവിട്ടിരിക്കുകയാണ്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്തെ നേട്ടങ്ങളുമായി തട്ടിച്ച് നോക്കുമ്പോഴാണ് ഈ സർക്കാരിന്റെ ഭരണപരാജയം എത്രത്തോളം ഭീകരമാണെന്ന് നമുക്ക് മനസ്സിലാകുന്നത്.

*Adjournment Motion*

യു.ഡി.എ.ഫ്. സർക്കാരിന്റെ കഴിഞ്ഞ കാലഘട്ടങ്ങളിലേയ്ക്ക് തിരിഞ്ഞുനോക്കിയാൽ 1995-ലെ കാലഘട്ടം നമുക്കെല്ലാവർക്കും നന്നായി ഓർമ്മയുള്ളതാണ് - ദിനംപ്രതി മൂന്നര മണിക്കൂർ ലോഡ്ഷെഡ്ഡിങ്ങും നൂറ് ശതമാനം പവർകട്ടും കൊണ്ട് ജനങ്ങളെ വലച്ച കാലഘട്ടം. 1996-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരമേറ്റപ്പോഴാണ് പ്രസ്തുത പ്രതിസന്ധിക്ക് ശാശ്വതമായ പരിഹാരം കാണാൻ സാധിച്ചത്. അന്ന് വളരെ സാഹസികമായി, പശ്ചിമബംഗാളിൽനിന്നും കേരളത്തിലേയ്ക്ക് വൈദ്യുതി എത്തിക്കുന്നതിനായി ഒറീസ്സ, ആന്ധ്രാപ്രദേശ്, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളുമായി ഉഭയകക്ഷി ചർച്ചകൾ നടത്തുകയും അത് യാഥാർത്ഥ്യമാക്കുകയുമായിരുന്നു. അതിലൂടെ, 1088 മെഗാവാട്ടിന്റെ റെക്കോർഡ് ഉൽപാദനശേഷി കൈവരിച്ച്, രൂക്ഷമായ പ്രതിസന്ധിയിൽനിന്നും കേരളത്തെ കരകയറ്റാൻ അന്നത്തെ എൽ.ഡി.എഫ്. സർക്കാരിന് സാധിച്ചു. 2001-ൽ വീണ്ടും യു.ഡി.എ.ഫ്. അധികാരത്തിലേറിയതോടെ, 2006 വരെയുള്ള കാലഘട്ടം ജനങ്ങൾ വീണ്ടും ലോഡ്ഷെഡ്ഡിങ്ങിലും പവർകട്ടിലും വലഞ്ഞ നാളുകളാണ് നമ്മുടെ ഓർമ്മയിൽ

വരുന്നത്. തുടർന്ന് 2006-ൽ എൽ.ഡി.എഫ്. വീണ്ടും അധികാരത്തിൽ വന്നപ്പോഴാണ് സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. ദൗർഭാഗ്യവശാൽ, 2011-ൽ അധികാരമേറ്റ യു.ഡി.എ.ഫ് സർക്കാരാകട്ടെ, അധികാരത്തിൽവന്ന ആദ്യ വർഷം മുതൽതന്നെ ജനങ്ങൾക്കുമേൽ ലോഡ്ഷെഡ്ഡിങ്ങും പവർകട്ടും അടിച്ചേല്പിക്കുന്ന സ്ഥിതിവിശേഷമാണ് സൃഷ്ടിച്ചത്. അത് 2015 വരെ തുടരുകയും ചെയ്തു. സംസ്ഥാനത്ത് യു.ഡി.എ.ഫ്. ഭരണം വരുമ്പോഴെല്ലാം പവർകട്ട്/ലോഡ്ഷെഡ്ഡിങ് പതിവാകുന്നതിന് പിന്നിലെ കാരണങ്ങൾ നമുക്കെല്ലാം അറിയാവുന്നതാണ്. (ബഹളം...) ഇത്തരം പ്രതിസന്ധികളുണ്ടാകുന്നത് ഒരു യാഥാർത്ഥ്യമാണ്. എന്നാൽ നാട് ഈ അവസ്ഥയിലേയ്ക്ക് പോകുന്നതിനുപിന്നിൽ നയപരമായ കാരണങ്ങളുണ്ട്. വൈദ്യുതി മേഖലയിൽ നവ ഉദാരവൽക്കരണ നയങ്ങൾ അടിച്ചേല്പിക്കാനുള്ള ശ്രമങ്ങളാണ് ഇത്തരം ഘട്ടങ്ങളിലെല്ലാം നടന്നിട്ടുള്ളതെന്ന് നമുക്ക് കാണാൻ സാധിക്കും. അതിന്റെ ചരിത്രപരമായ കഥകളിലേയ്ക്കൊന്നും ഞാൻ ഇപ്പോൾ

കടക്കുന്നില്ല. ഈ ഒരു രാഷ്ട്രീയ പശ്ചാതലത്തിൽ വേണം ഇന്നത്തെ സാഹചര്യത്തെയും നാം വിലയിരുത്തേണ്ടത്. ഇപ്പോഴത്തെ വൈദ്യുതി പ്രതിസന്ധി സ്വാഭാവികമായി സംഭവിച്ച ഒന്നല്ല; മറിച്ച്, സർക്കാരിന്റെ ഒത്താശയോടെ കൃത്രിമമായി സൃഷ്ടിക്കപ്പെട്ട ഒന്നാണെന്നതാണ് യാഥാർത്ഥ്യം. 2016 മുതൽ നീണ്ട പത്തുവർഷക്കാലം ഇടതുപക്ഷ ഗവൺമെന്റ് നടത്തിയ പ്രവർത്തനങ്ങളിലൂടെ കേരളത്തെ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമാക്കി മാറ്റാൻ സാധിച്ച എന്നത് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവരും അംഗീകരിക്കുന്ന കാര്യമാണ്. ആ കാലഘട്ടത്തിൽ എല്ലാ പ്രദേശങ്ങളിലെയും സാധാരണക്കാരായ കുടുംബങ്ങൾക്ക് തടസ്സമില്ലാതെ വൈദ്യുതി ഉറപ്പാക്കാൻ സാധിച്ചിരുന്നു. 2122 മെഗാവാട്ട് വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുന്ന ദീർഘകാല കരാറുകൾ നിലവിലുണ്ടായിരുന്ന ഒരു സംസ്ഥാനമാണ് ഇന്നിപ്പോൾ ഇത്തരമൊരു ഗതികേടിലേയ്ക്ക് അനാസ്ഥമൂലം വലിച്ചെറിയപ്പെട്ടിരിക്കുന്നതെന്നത് ദുഃഖകരമാണ്. കാലാവസ്ഥാ വ്യതിയാനവും മഴയുടെ കുറവും പോലെയുള്ള ന്യായങ്ങൾ പറഞ്ഞ് സ്വന്തം

*Adjournment Motion*

ഉത്തരവാദിത്വത്തിൽനിന്ന് തലയൂരാനാണ് ബഹു. വകുപ്പുമന്ത്രി ശ്രമിക്കുന്നത്. വരാനിരിക്കുന്ന മേയ്, ജൂൺ മാസങ്ങളിൽ രൂക്ഷമായ വൈദ്യുതി പ്രതിസന്ധിയുണ്ടാകുമെന്ന വ്യക്തമായ മുന്നറിയിപ്പുകളും സൂചനകളും മുൻകൂട്ടി ലഭിച്ചിരുന്നതാണ്. എന്നാൽ സർക്കാർ അത് കണ്ടില്ലെന്ന് നടിച്ചതുകൊണ്ട് മാത്രമാണ് കേരളത്തിന് ഇത്രയും വലിയൊരു ദുരവസ്ഥ നേരിടേണ്ടി വന്നത്. എന്താണ് ഇവിടത്തെ ഇപ്പോഴത്തെ അവസ്ഥ; ഇതേക്കുറിച്ച് ഇന്നലെ സഭയിൽ ചർച്ച വന്നതല്ലേ? പവർകട്ടുമൂലം ആശുപത്രികളിൽ മുൻകൂട്ടി നിശ്ചയിച്ച ശസ്ത്രക്രിയകൾ പോലും മാറ്റിവയ്ക്കേണ്ടിവന്നു. ഓക്സിജൻ ജനറേറ്ററുകളും ഓക്സിജൻ സിലണ്ടറുകളും പ്രവർത്തിപ്പിക്കാൻ കഴിയാതെ രോഗികൾ മരണപ്പെടുന്ന ദാരുണമായ സാഹചര്യമുണ്ടായി. ഭൂരിഭാഗം സാധാരണക്കാരായ കുടുംബങ്ങളുടെയും ജീവിതം ഈ സമയത്ത് കടുത്ത ദുരിതത്തിലാവുകയാണ്. മുമ്പൊക്കെ പവർകട്ട് ഏർപ്പെടുത്തുമ്പോൾ അതിന്റെ സമയം മുൻകൂട്ടി പ്രഖ്യാപിക്കുമായിരുന്നു. എന്നാൽ ഇന്നിപ്പോൾ അപ്രഖ്യാപിത പവർകട്ടാണ് നടക്കുന്നത്. ഏതു നിമിഷവും വൈദ്യുതി നിലയ്ക്കുമെന്ന ഭീതിയിലാണ് ജനങ്ങൾ

കഴിയുന്നത്. നമ്മുടെ അയൽ സംസ്ഥാനമായ കർണ്ണാടക ഭരിക്കുന്നത് കോൺഗ്രസ്സ് സർക്കാരാണ്. അവിടെനിന്ന് 9 രൂപ 8 പൈസ നിരക്കിൽ ഇന്ന് വൈദ്യുതി ലഭ്യമാക്കുന്നുണ്ട്. ആ സംസ്ഥാനവുമായിട്ടെങ്കിലും സമയബന്ധിതമായി ഉഭയകക്ഷി ചർച്ച നടത്തി കേരളത്തിനാവശ്യമായ വൈദ്യുതി എത്തിക്കാനുള്ള നടപടി സ്വീകരിക്കാതെ വളരെ ലാഘവത്തോടെയല്ലേ സർക്കാർ ഈ വിഷയത്തെ സമീപിച്ചത്. ഉയർന്ന ഉദ്യോഗസ്ഥർക്ക് മറ്റു സംസ്ഥാനങ്ങളിൽ പോയി അവരുമായി ചർച്ച നടത്താൻപോലും സാധിക്കാത്ത സ്ഥിതിയുണ്ടായി എന്നത് മാധ്യമങ്ങളിലൂടെ രാജ്യം മുഴുവൻ കണ്ടതല്ലേ?

<u>മി.സ്പീക്കർ:</u> വേഗത്തിൽ പറയണം. സമയം അവസാനിച്ചുകൊണ്ടിരിക്കുന്നു.

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, നമ്മുടെ വൈദ്യുതി വകുപ്പുമന്ത്രിതന്നെ പറഞ്ഞിരിക്കുന്നത്, താൻ വഹിക്കുന്ന ഈ വകുപ്പ് ഒരു വലിയ മുൾക്കിരീടം ആണെന്നാണ്; അതായത്, തനിക്കുതന്നെ സഹിക്കാൻ കഴിയാത്തത്രയും

ഭാരമാണ് ഇതിനുള്ളതെന്നും അദ്ദേഹം തുറന്നുപറഞ്ഞിരിക്കുകയാണ്. തുടക്കത്തിൽ വളരെ നിസ്സാരമായി കണ്ട ഈ വിഷയം പിന്നീട് കേരളത്തെ എത്രമാത്രം ഗുരുതരമായ ഒരു സാഹചര്യത്തിലേക്കാണ് എത്തിച്ചിരിക്കുന്നതെന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. ദേശീയതലത്തിൽ വൈദ്യുതി വില യൂണിറ്റിന് 10 രൂപ നിരക്കിൽ നിൽക്കുമ്പോൾ, 30 രൂപവരെ നൽകി വൈദ്യുതി വാങ്ങുന്നതിനായി ചർച്ചകൾ നടക്കുന്നുണ്ടെന്ന വാർത്തകളാണ് നാം കേട്ടുകൊണ്ടിരിക്കുന്നത്. അങ്ങനെയാണെങ്കിൽ ഈ പ്രതിസന്ധിയെ അത്രമാത്രം ഗൗരവത്തോടെ കാണേണ്ടതുണ്ട്. സ്വന്തം കഴിവുകേടുകൾ മറച്ചുവച്ചുകൊണ്ട്, 2015-ൽ ശ്രീ. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് നിയമവിരുദ്ധമായുണ്ടാക്കിയ പവർ പർച്ചേസ് കരാർ എൽ.ഡി.എഫ്. സർക്കാരാണ് റദ്ദാക്കിയതെന്ന തരത്തിലുള്ള കള്ള പ്രചരണമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. (ബഹളം.....) സർ, എനിക്ക് സമയം തരണം. ബഹളം ഉണ്ടാക്കുകയാണെങ്കിൽ സമയം വേണം.

<u>മി. സ്പീക്കർ</u>: അങ്ങ് സംസാരിച്ചോളൂ. ഞാൻ അങ്ങയെ തടഞ്ഞാൽ മാത്രമേ അധിക സമയം തരേണ്ടതുള്ളൂ. ഞാൻ അങ്ങയെ തടയുന്നില്ല.

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, നിലവിലുള്ള ആ കരാറുകൾ റദ്ദാക്കുകയാണെങ്കിൽ അതുകൊണ്ട് സംസ്ഥാനത്തിന് ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത വളരെ വലുതായിരിക്കും. ഇന്നത്തെ നിങ്ങളുടെ 'ഗുഡ് ബുക്കിൽ' ഉൾപ്പെട്ടിരിക്കുന്ന, അന്ന് പ്രിൻസിപ്പൽ സെക്രട്ടറിയായി പ്രവർത്തിച്ചിരുന്ന ഐ.എ.എസ്. ഉദ്യോഗസ്ഥൻ നൽകിയ നിർദേശമനുസരിച്ച്, എൽ.ഡി.എഫ്. സർക്കാർ ആ കരാറുകൾ റദ്ദാക്കിയാൽ ഉണ്ടാകുന്ന നഷ്ടത്തെക്കുറിച്ചോ അതിലൂടെ ജനങ്ങൾ അനുഭവിക്കാൻ പോകുന്ന ദുരിതത്തെക്കുറിച്ചോ ഒട്ടും ബോധമില്ലാതെയാണ് ആ നടപടിയിലേക്ക് നീങ്ങിയത്. അന്ന് അങ്ങനെ ചെയ്താൽ അത് വലിയൊരു കുഴപ്പത്തിലേയ്ക്ക് കൊണ്ടെത്തിക്കുമെന്ന് ഇടതുപക്ഷത്തിന് ബോധ്യമുള്ളതുകൊണ്ടാണ്, ആ സമയത്ത് അവർ ആ കരാർ റദ്ദാക്കൽ നടപടിയിലേയ്ക്ക് പോകാതിരുന്നത്. കേസ് നിലനിൽക്കുന്ന സാഹചര്യത്തിൽ, കമ്മിഷൻ റദ്ദാക്കിയ നടപടിയെ

*Adjournment Motion*

ചോദ്യം ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിക്കാനും ഞങ്ങൾ തയ്യാറാണ്. ഞാൻ ഇതിന്റെ കൂടുതൽ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ശ്രീ. ബി. അശോക് നടത്തിയ ഇടപെടലുകളെക്കുറിച്ച് പല മാധ്യമങ്ങളിലും serialized ചെയ്തുള്ള വാർത്തകളായും ലേഖനങ്ങളായും വന്നിട്ടുണ്ട്. അത് ഒന്നുകൂടി വായിച്ചുനോക്കുന്നത് നന്നായിരിക്കും. കൂടാതെ, ജൂൺ മാസം 23-ന് സഭാസമ്മേളനത്തിൽ ശ്രീമതി കെ. കെ. രമയുടെ ചോദ്യത്തിന് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി നൽകിയ മറുപടി പരിശോധിച്ചാൽ ഈ കരാറുമായി ബന്ധപ്പെട്ടുണ്ടായ വിഷയങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമായി മനസ്സിലാക്കാൻ സാധിക്കും. പ്രസ്തുത മറുപടിയിൽത്തന്നെ എല്ലാ കാര്യങ്ങളും ബഹുമാനപ്പെട്ട മന്ത്രി വ്യക്തമായി പറയുന്നുണ്ട്; അതിനാൽ ഞാൻ അതിന്റെ കൂടുതൽ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. ഇതിൽ നിന്നെല്ലാം തലയൂരാൻവേണ്ടി ഇടതുപക്ഷ സർക്കാർ കരാർ റദ്ദാക്കിയതാണ് പ്രശ്നങ്ങൾക്കെല്ലാം കാരണമെന്ന തെറ്റായ ധാരണ ജനങ്ങളുടെ മനസ്സിൽ എത്തിക്കാൻ ശ്രമിച്ചെങ്കിലും അത്

പൂർണ്ണമായും പരാജയപ്പെടുകയാണുണ്ടായത്. പ്രിൻസിപ്പൽ സെക്രട്ടറിയുടെ ലേഖനങ്ങൾ പരിശോധിച്ചാൽ ഇടതുപക്ഷം അതിനൊപ്പം ആയിരുന്നോ അല്ലയോ എന്ന് വ്യക്തമായി മനസ്സിലാക്കാം. ആ ഉദ്യോഗസ്ഥനെക്കുറിച്ചുള്ള കൂടുതൽ കാര്യങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. മറ്റൊരു കാര്യംകൂടി ചൂണ്ടിക്കാണിക്കുകയാണ്. കരാർ പൂർണ്ണമായും റദ്ദാക്കിയതിനുശേഷം 2023 മുതൽ മൂന്ന് വർഷം ഇടതുപക്ഷമാണ് ഇവിടം ഭരിച്ചിരുന്നത്. ആ സമയത്തൊന്നും യാതൊരു പ്രതിസന്ധിയും ഉണ്ടായിട്ടില്ല. കടുത്ത വൈദ്യുതിക്ഷാമം നേരിട്ട ഘട്ടങ്ങളിൽപോലും ഒരു മിനിറ്റുപോലും പവർകട്ട് ഏർപ്പെടുത്താതെ, ആവശ്യമായ വൈദ്യുതി കണ്ടെത്തി ജനങ്ങൾക്ക് ആശ്വാസമേകാൻ സർക്കാരിന് സാധിച്ചു. യു.ഡി.എഫ്. സർക്കാരിന്റെ ഇത്തരം നീക്കങ്ങൾക്ക് പിന്നിൽ വ്യക്തമായ സ്വകാര്യവൽക്കരണ അജണ്ടയുണ്ടായിരുന്നുവെന്നുള്ള കാര്യം ഉറപ്പാണ്. പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഇ.ബി.എൽ.-നെ തകർത്ത് അതിന്റെ വിശ്വാസ്യത നശിപ്പിപ്പിച്ച് അദാനിക്കും അംബാനിക്കും തീറെഴുതിക്കൊടുക്കാനുള്ള

ആസൂത്രിതമായ ശ്രമമാണ് നടന്നുകൊണ്ടിരിക്കുന്നത്. വൈദ്യുതിക്ഷാമം കൃത്രിമമായി സൃഷ്ടിച്ച് ജനങ്ങളെ ബുദ്ധിമുട്ടിലാക്കിയശേഷം, സ്വകാര്യ കുത്തകകളെ രക്ഷകരായി അവതരിപ്പിക്കാനുള്ള നാടകമാണ് ഇപ്പോൾ അരങ്ങേറുന്നത്. അതിന്റെ ഏറ്റവും പുതിയ ഉദാഹരണമാണ് സംസ്ഥാനത്ത് പുതിയ വൈദ്യുതി കണക്ഷൻ നിരക്കുകൾ വലിയ തോതിൽ വർധിപ്പിച്ചുകൊണ്ട് ഇന്നലെ മുതൽ പ്രാബല്യത്തിൽവന്ന പുതിയ ഉത്തരവ്. 1,740 രൂപ ആയിരുന്ന ചാർജ് ഒറ്റയടിക്ക് 5000 രൂപ ആയി ഉയർത്തിയ നടപടി തീർത്തും അപലപനീയമാണ്. ജനങ്ങൾക്ക് ഇരുട്ടടി നൽകുന്നതിന് പുറമെ, അവരുടെ തലയിൽ വീണ്ടും ഭാരം അടിച്ചേല്പിക്കുന്ന ഈ നിലപാട് അതീവ ഗൗരവത്തോടെ കാണേണ്ടതുണ്ട്. സർക്കാർ ഹണിമൂൺ പീരിയഡിലാണെന്ന് പറയുന്നുണ്ടെങ്കിലും അതിനെക്കുറിച്ച് ഞാൻ കൂടുതൽ പറയുന്നില്ല. എന്നാൽ കഴിഞ്ഞ നാലുമാസത്തിനകം വിവാഹിതരായവരുടെ വീടുകളിൽപോലും ഹണിമൂൺ ആഘോഷിക്കാൻ കഴിയാത്ത അവസ്ഥയാണ്. നിങ്ങൾ ഹണിമൂൺ അഘോഷത്തിലാണെങ്കിലും, പവർകട്ട് കാരണം ജനങ്ങൾ അനുഭവിച്ച

ദുരിതങ്ങൾ എക്കാലത്തും ഓർമ്മിക്കപ്പെടും. സംസ്ഥാനത്തെ വ്യാവസായിക, കാർഷിക, ആരോഗ്യ മേഖലകളെയും സാധാരണക്കാരുടെ ജീവിതത്തെയും ഇരുട്ടിലാക്കിയ ഈ സർക്കാരിന്റെ കെടുകാര്യസ്ഥതയും കോർപ്പറേറ്റ് പ്രവണതയും ഒപ്പം വൈദ്യുതി കണക്ഷൻ നിരക്ക് വർധനവും സഭ നിർത്തിവച്ച് അടിയന്തരമായി ചർച്ച ചെയ്യണമെന്ന് ഞാൻ ഈ ഉപക്ഷേപത്തിലൂടെ ആവശ്യപ്പെടുകയാണ്.

വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. സണ്ണി ജോസഫ്): സർ, കഴിഞ്ഞ പത്തുവർഷക്കാലം കേരളത്തിൽ വൈദ്യുതി നിയന്ത്രണം ഉണ്ടായിരുന്നില്ലെന്ന തെറ്റായ വിവരമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത്. 16-04-2026, 17-04-2026, 24-04-2026, 25-04-2026, 26-04-2026, 27-04-2026, 11-05-2026, 12-05-2026, 16-05-2026 എന്നിവ ഈ വർഷത്തിൽത്തന്നെ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്തുണ്ടായ വൈദ്യുതി നിയന്ത്രണത്തിന്റെ ദിവസങ്ങളാണ്. ഇത് രേഖയിലുള്ള കാര്യമാണ്. താരിഫ് ആൻഡ് റെഗുലേറ്ററി അഫയർ സെല്ലിന്റെ

കണക്കുപ്രകാരം 2021-2022-ൽ 120, 2022-2023-ൽ 140, 2023-2024-ൽ 915, 2024-2025-ൽ 708, 2025-2026-ൽ 331 എന്നീ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ മാത്രം 2214 ലോഡ് നിയന്ത്രണങ്ങൾ ഉണ്ടായിട്ടുണ്ട്. ഇത് ഞാൻ സ്വന്തമായി പറയുന്നതല്ല, താരിഫ് ആൻഡ് റെഗുലേറ്ററി അഫയർ സെല്ലിന്റെ കൃത്യമായിട്ടുള്ള കണക്കാണ്. ഈ വിഷയത്തിന് മറുപടി നൽകാൻ എന്നെ ഏറ്റവും കൂടുതൽ സഹായിച്ചത്, മുൻ വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി മാതൃഭൂമി ദിനപത്രത്തിൽ പേരും ഫോട്ടോയും സഹിതം എഴുതിയ ലേഖനമാണ്. 'വൈദ്യുതി പ്രതിസന്ധി: വസ്തുതകൾ എന്ത്?' ഇതാണ് ആ ലേഖനത്തിന്റെ തലക്കെട്ട്. വൈദ്യുതി പ്രതിസന്ധിയുടെ യഥാർഥ കാരണം എന്താണ്? 600, 800 മെഗാവാട്ട് വരെയുള്ള ഉപഭോഗ വർധനവാണ് ഇതിൽ പ്രധാനം. എൽനിനോയും മഴക്കുറവും വൈദ്യുതി പ്രതിസന്ധി രൂക്ഷമാക്കി. ഡാമുകളിലെ ജലസംഭരണം മുൻകാലത്തെക്കാൾ പകുതിയിൽ താഴെയായി കുറഞ്ഞു. ഇപ്പോഴത്തെ പ്രതിസന്ധിക്ക് റദ്ദാക്കിയ 460 മെഗാവാട്ട് കരാർ മാത്രമല്ല കാരണമെന്നത് അതിൽ വ്യക്തമായി സമ്മതിക്കുന്നുണ്ട്. കരാർ

*Adjournment Motion*

റദ്ദാക്കിയിട്ട് മൂന്ന് വർഷം കഴിഞ്ഞു. അഥവാ ആ കരാർ ഉണ്ടായിരുന്നെങ്കിൽപ്പോലും ഇപ്പോഴത്തെ അധിക ഉപഭോഗത്തിന്റെ വിടവ് അതുപോലെ തുടരുമായിരുന്നു. സാധാരണഗതിയിലുള്ള വൈദ്യുതി ആവശ്യം മുൻ സർക്കാർ കൃത്യമായി മുൻകൂട്ടി കണക്കാക്കിയിരുന്നു. മൺസൂൺ കാലത്തെ ആവശ്യം 4000 മുതൽ 4100 മെഗാവാട്ട് വരെയായി കണക്കാക്കി, അധിക വ്യതിയാനങ്ങൾകൂടി മുൻകൂട്ടി കണ്ട് 4200 മുതൽ 4300 മെഗാവാട്ടുവരെ ആസൂത്രണം ചെയ്തിരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലാവധി അവസാനിക്കുന്ന ഘട്ടത്തിൽ, കേരളത്തിൽ മഴക്കാലത്തുണ്ടാകുന്ന അധിക വൈദ്യുതി ആവശ്യം 4200 മുതൽ 4300 മെഗാവാട്ടുവരെയായിരിക്കുമെന്ന് കണക്കാക്കി ആസൂത്രണം ചെയ്തിരുന്നുവെന്ന് മുൻ വൈദ്യുതി വകുപ്പുമന്ത്രി ലേഖനത്തിൽ വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്. യഥാർഥത്തിൽ ഇതൊരു വലിയ കുറ്റസമ്മതമാണ്. കൃത്യമായി കണക്കുകൂട്ടിയതിലുണ്ടായ പിഴവാണ് ഇപ്പോഴത്തെ ഈ പ്രതിസന്ധിക്ക് കാരണമെന്നതും, ഉപഭോഗത്തിലും/ ആവശ്യകതയിലും വൻ വർധനവാണ് ഉണ്ടായിട്ടുള്ളതെന്നും മുൻ വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. കൃഷ്ണൻകുട്ടി

തന്നെ സമ്മതിക്കുന്നുമുണ്ട്. 2026 സെപ്റ്റംബറിൽ പീക്ക് സമയത്തെ ശരാശരി ആവശ്യകത 5639 മെഗാവാട്ടാണ്. കഴിഞ്ഞ വർഷം 2025 സെപ്റ്റംബറിൽ ഇത് 4480 മെഗാവാട്ട് മാത്രമായിരുന്നു. അതായത്, കഴിഞ്ഞ സെപ്റ്റംബറിനേക്കാൾ ഈ സെപ്റ്റംബറിൽ മാത്രം 1200 മെഗാവാട്ടിന്റെ അധിക വർധനവാണുണ്ടായത്. സാധാരണഗതിയിൽ മുൻ വർഷത്തെ അപേക്ഷിച്ച് തൊട്ടടുത്ത വർഷം മൂന്ന് ശതമാനത്തിന്റെ വർധനവ് മാത്രമാണ് ഉണ്ടാകാറുള്ളത്. ഉദാഹരണത്തിന്, 2023-നേക്കാൾ 2024-ൽ 5.84 ശതമാനം വർധിച്ചു. 2024-നേക്കാൾ 2025-ൽ 2.92 ശതമാനം മാത്രമാണ് വർധിച്ചത്. 2024-നേക്കാൾ 2025-ൽ 2.92 ശതമാനം മാത്രം വർധിച്ചപ്പോൾ 2025-നേക്കാൾ 2026-ൽ 26 ശതമാനത്തിന്റെ വർധനവുണ്ടായി. ഉപയോഗത്തിൽ 26 ശതമാനത്തിന്റെ വർധനവുണ്ടായതിന്റെ കാരണങ്ങളെന്തൊക്കെയാണ്? മഴ കുറഞ്ഞു എന്നത് നമുക്കെല്ലാമറിയാവുന്ന കാര്യമാണ്. എന്നാൽ മഴ കുറയുമ്പോൾ വൈദ്യുതി ഉൽപാദനത്തിന് ജലലഭ്യത കുറയുക മാത്രമല്ല ചെയ്യുന്നത്, ഒപ്പം ചൂട് വലിയ തോതിൽ വർധിക്കുകയും ചെയ്യും. ചൂട് കൂടുമ്പോൾ

ആളുകൾ എയർ കണ്ടീഷണറുകളും ഫാനുകളും കൂടുതൽ ഉപയോഗിക്കാൻ നിർബന്ധിതരാകും. വീടുകളുടെ എണ്ണം വർധിച്ചതും പുതിയ എയർ കണ്ടീഷണറുകളുടെ ഉപയോഗം കൂടിയതും വൈദ്യുതി ഉപഭോഗത്തിൽ വലിയ വർധനവുണ്ടാക്കി. കൂടാതെ, ഇലക്ട്രിക് വാഹനങ്ങൾ കൂടുതലായി രാത്രികാലങ്ങളിൽ ചാർജ് ചെയ്യുന്നതും ഉപഭോഗം ഉയരാൻ കാരണമായി. ഉൽപാദനത്തിലോ......(ബഹളം) കേട്ടിരിക്കാൻ പ്രയാസമുണ്ടോ....... ഇവിടെ ഉപയോഗം കൂടുതലും ഉൽപാദനം കുറവുമാണെന്ന് വ്യക്തമായി മനസ്സിലാക്കാൻ സാധിക്കും. കഴിഞ്ഞ പത്തുവർഷക്കാലത്തെ കണക്കെടുത്താൽ വൈദ്യുതോൽപാദനത്തിനായി നമ്മൾ പ്രധാനമായും ആശ്രയിക്കുന്നത് ജലവൈദ്യുതിയെയാണെന്ന് എല്ലാവർക്കും അറിയാം. ആ കാലയളവിലെ കണക്കുകൾ പരിശോധിച്ചാൽ, കേരളത്തിൽ ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് ജലവൈദ്യുത പദ്ധതികളിൽ ആകെയുണ്ടായ ഉൽപാദന വർധനവ് കേവലം 150 മെഗാവാട്ട് മാത്രമാണ്. അതായത്, ഉപഭോഗത്തിൽ 2000 മെഗാവാട്ടിന്റെ വർധനവുണ്ടായപ്പോൾ ഉൽപാദനത്തിൽ 150 മെഗാവാട്ടിന്റെ

വർധനവ് മാത്രമാണ് വന്നിട്ടുള്ളത്. എൽനിനോ പ്രതിഭാസവും മഴക്കുറവും കാരണം ദേശീയതലത്തിലും വൈദ്യുതി ഉൽപാദനത്തിൽ കാര്യമായ കുറവുണ്ടായിട്ടുണ്ട്. എൽനിനോ പ്രതിഭാസത്തെക്കുറിച്ച് കേന്ദ്ര ഊർജ്ജ വകുപ്പുമന്ത്രി തന്നെ വ്യക്തമായി റിപ്പോർട്ട് ചെയ്തിട്ടുള്ള കാര്യം എല്ലാവർക്കും അറിയാവുന്നതാണ്. നമ്മൾ സോളാർ ഊർജം ഉൽപാദിപ്പിക്കുന്നുണ്ടെങ്കിലും പകൽസമയത്ത് സൂര്യപ്രകാശത്തിൽ നിന്നും ലഭിക്കുന്ന സോളാർ എനർജി സംഭരിച്ച് വയ്ക്കാനുള്ള കൃത്യമായ സംവിധാനങ്ങൾ മുമ്പ് ലഭ്യമായിരുന്നില്ല. എന്നാൽ ഇപ്പോൾ അതിനുള്ള പരിഹാരം നമ്മൾ കണ്ടെത്തിവരുന്നുണ്ട്. ഇപ്പോൾ രാത്രിസമയങ്ങളിൽ സോളാർ ഊർജം ലഭ്യമാകാത്തതിന്റെ പ്രയാസവും നാം നേരിടുന്നുണ്ട്. കേരളത്തിൽ ആകെ 28 ശതമാനം മഴ കുറഞ്ഞപ്പോൾ നമ്മുടെ ഏറ്റവും വലിയ പവർഹൗസ് സ്ഥിതി ചെയ്യുന്ന ഇടുക്കിയിൽ മാത്രം 48 ശതമാനം മഴയുടെ കുറവാണുണ്ടായത്. വൈദ്യുതിയുടെ ഉപയോഗം നിരന്തരം കൂടിക്കൊണ്ടിരിക്കുകയാണ്. ഇത് കഥയല്ല, തികഞ്ഞ വസ്തുതകളാണ് പറയുന്നത്. കേൾക്കാൻ പ്രയാസമുണ്ടോ? ഉപയോഗം കൂടുകയും

എന്നാൽ അതിനനുസരിച്ച് ഉൽപാദനം കൂടാതിരിക്കുകയും ചെയ്യുമ്പോൾ നാം എന്ത് ചെയ്യും? പുറത്തുനിന്ന് വൈദ്യുതി വാങ്ങിയേ തീരൂ. ആന്ധ്രാപ്രദേശ് സർക്കാർ അവരുടെ ആവശ്യകതയുടെ 86 ശതമാനം വൈദ്യുതിയും സ്വയം ഉൽപാദിപ്പിക്കുമ്പോൾ കഴിഞ്ഞ വർഷം കേരളം സ്വന്തം ആവശ്യകതയുടെ 15 ശതമാനത്തിൽ താഴെ മാത്രമാണ് സ്വന്തമായി ഉൽപാദിപ്പിച്ചത്. (ബഹളം......) 2016-ൽ ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത് ആരംഭിച്ച ഭൂതത്താൻകെട്ട് ചെറുകിട ജലവൈദ്യുത പദ്ധതി പത്ത് വർഷമായിട്ടും പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. ഇതുസംബന്ധിച്ച് ഹൈക്കോടതിയിൽ നിലനിന്നിരുന്ന കേസ്, യു.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് വിജയിച്ചത്. എന്നാൽ കോൺട്രാക്ടർ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷൻ (SLP) ഫയൽ ചെയ്തു. അതിനെതിരെ സർക്കാർ കാവിയറ്റ് (Caveat) ഫയൽ ചെയ്തതിനെത്തുടർന്ന്, ബഹുമാനപ്പെട്ട സുപ്രീം കോടതി കോൺട്രാക്ടറുടെ സ്പെഷ്യൽ ലീവ് പെറ്റീഷൻ അനുവദിച്ചില്ല. ഇതോടെ

ഭൂതത്താൻകെട്ട് ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണത്തിലേക്ക് നമുക്ക് അതിവേഗം കടക്കാൻ സാധിക്കും. എന്നാൽ മറ്റ് പല പദ്ധതികളുടെയും അവസ്ഥ പരിതാപകരമാണ്. എന്റെ നിയോജകമണ്ഡലത്തിലുള്ള ബാരാപോൾ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ കനാലിൽ ഗർത്തം രൂപപ്പെട്ടതിനെത്തുടർന്ന്, 2025 മുതൽ അവിടെ വൈദ്യുതി ഉൽപാദനം പൂർണ്ണമായി തടസ്സപ്പെട്ടിരിക്കുകയാണ്. മുൻ വൈദ്യുതി വകുപ്പുമന്ത്രിയും ഞാനും പ്രസ്തുത സ്ഥലം നേരിട്ട് സന്ദർശിച്ചെങ്കിലും അത് പരിഹരിക്കാനുള്ള യാതൊരുവിധ നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ല. അതുപോലെ, മണിയാർ ജലവൈദ്യുത പദ്ധതിയുടെ കരാർ കാലാവധി അവസാനിച്ചതിനെത്തുടർന്ന് 2024-ൽത്തന്നെ സർക്കാരിന് തിരികെ ലഭിക്കേണ്ടതായിരുന്നു. പക്ഷെ, ഇവർ അത് ഏറ്റെടുക്കാൻ തയ്യാറായില്ല. അതിന്റെ ഫലമായി മണിയാർ ജലവൈദ്യുത പദ്ധതിയും നിലവിൽ പ്രവർത്തനക്ഷമമല്ലാത്ത സ്ഥിതിയിലാണ്. മൂഴിയാർ

ജലവൈദ്യുത പദ്ധതിയെക്കുറിച്ച് മാതൃഭൂമി ദിനപത്രത്തിൽ പരമ്പര ലേഖനങ്ങൾ തന്നെ വന്നിരുന്നു. 60 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കേണ്ട മൂഴിയാർ പദ്ധതി, ഇവർ ചൈനീസ് കമ്പനിയ്ക്ക് ടെൻഡർ നൽകിയതിനെത്തുടർന്ന് 10 മെഗാവാട്ടിന്റെ ഉൽപാദനശേഷിയിലേക്ക് ചുരുങ്ങിയിരിക്കുന്നു. ഇത്തരം പ്രധാനപ്പെട്ട പദ്ധതികളെല്ലാം മുടങ്ങിക്കിടക്കുന്ന അവസ്ഥയാണെന്നുള്ളത് കാരണം, കേരളത്തിന് ആവശ്യമായ വൈദ്യുതി പുറത്തുനിന്ന് വാങ്ങേണ്ടി വരുന്ന സാഹചര്യമാണ് നിലവിലുള്ളത്. കേരളത്തിന്റെ ആവശ്യകത കണക്കിലെടുത്ത് മുൻ യു.ഡി.എഫ് സർക്കാർ വൈദ്യുതി വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ആര്യാടൻ മുഹമ്മദ്, ശ്രീ. രമേശ് ചെന്നിത്തല, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് എന്നിവർ ഉൾപ്പെട്ട മന്ത്രിസഭ DBFOO (Design, Build, Finance, Own and Operate) കരാറിലൂടെ

*Adjournment Motion*

18-02-2014-ൽ 850 മെഗാവാട്ട് വൈദ്യുതി 25 വർഷത്തേക്ക് വാങ്ങാനുള്ള ദീർഘകാല കരാറിൽ ഏർപ്പെടാൻ തീരുമാനമെടുത്തു. 01-03-2014-ൽ കർണാടക 1000 മെഗാവാട്ടും 25-09-2014 ആന്ധ്രാപ്രദേശ് 2400 മെഗാവാട്ടും 10-10-2014-ൽ തെലുങ്കാന 2000 മെഗാവാട്ടും കേരളം 850 മെഗാവാട്ടും വൈദ്യുതി വാങ്ങാൻ തീരുമാനിച്ചു. കേരളം യൂണിറ്റിന് 4.29 പൈസ നിരക്കിൽ 25 കൊല്ലത്തേക്ക് വാങ്ങിയ 465 മെഗാവാട്ട് വൈദ്യുതി മുൻസർക്കാർ ഏഴുകൊല്ലം ഉപയോഗിച്ചതിനുശേഷം റദ്ദാക്കിയതുമായി ബന്ധപ്പെട്ട വസ്തുതകൾ ഗൗരവതരമാണ്. (...ബഹളം....) ........ (ബഹളം....) കരാർ നിലനിർത്തണമെന്നാവശ്യപ്പെട്ട് എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് വൈദ്യുതി ബോർഡ് സർക്കാരിന് അയച്ച് കത്തുകളുടെ കാലക്രമം 22-09-2017-ലും, 19-10-2017-ലും കെ.എസ്.ഇ.ബി.എൽ സർക്കാരിന് കത്തുകൾ നൽകി. 21-10-2017-ൽ സർക്കാർ ഇത് വാങ്ങാൻ അനുമതി നൽകി. തുടർന്ന് 5-10-2018, 20-07-2019, 6-08-2019 എന്നീ തീയതികളിൽ

*Adjournment Motion*

കെ.എസ്.ഇ.ബി.എൽ. വീണ്ടും സർക്കാരിന് കത്തുകൾ അയച്ചു. 7-11-2019-ന് കാര്യങ്ങൾ കൂടുതൽ വ്യക്തമാകുന്നതിനായി കെ.എസ്.ഇ.ബി.എൽ. സർക്കാരിന് മലയാളത്തിലും കത്ത് നൽകി. 21-11-2019, 24-12-2019 എന്നീ തീയതികളിൽ വീണ്ടും സർക്കാരിന് കത്തുകൾ നൽകി. ഇത്രയധികം കത്തുകൾ നൽകിയിട്ടും 27/10/2021-ൽ ഗവൺമെന്റ് ഒരു കമ്മിറ്റി രൂപീകരിക്കുകയും ഈ വിഷയത്തിൽ വിജിലൻസ് അന്വേഷണത്തിന് ഉത്തരവിടുകയും ചെയ്യുകയാണുണ്ടായത്. പത്ത് വർഷത്തോളം ഭരിക്കുകയും അതിൽ ഏഴ് വർഷത്തോളം കരാറിന്റെ ആനുകൂല്യം പൂർണ്ണമായി ഉപയോഗപ്പെടുത്തുകയും ചെയ്ത ശേഷമാണ് 2021-ൽ കരാറിനെതിരെ വിജിലൻസ് അന്വേഷണത്തിന് തീരുമാനമെടുത്തത്. എന്നിരുന്നാലും ഈ അന്വേഷണത്തിന്റെ ഫലം എന്തായിരുന്നു? പ്രസ്തുത കരാറിൽ യാതൊരുവിധ അനീതികളോ ക്രമക്കേടുകളോ ഇല്ലെന്നും, ഇത് സർക്കാരിന് നഷ്ടവും വരുത്തിയിട്ടില്ലെന്നും

മറിച്ച്, സർക്കാരിന് നേട്ടമാണ് ഉണ്ടായതെന്നുമാണ് വിജിലൻസ് അന്വേഷണത്തിൽ വ്യക്തമായത്. തുടർന്ന് 10-05-2023-ൽ സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ ഉത്തരവുപ്രകാരം ഈ കരാർ റദ്ദാക്കപ്പെട്ടു. എന്നാൽ റദ്ദാക്കിയ വൈദ്യുതി കരാർ പുനഃസ്ഥാപിക്കണമെന്നും അല്ലെങ്കിൽ അത് കേരളത്തിലെ വൈദ്യുതി വിതരണത്തെ സാരമായി ബാധിക്കുമെന്നും കാണിച്ച് കരാർ റദ്ദാക്കി 5 മാസത്തിനിടയിൽ വൈദ്യുതി ബോർഡ് സർക്കാരിന് പലതവണ മുന്നറിയിപ്പ് നൽകി. 2003-ലെ വൈദ്യുതി നിയമത്തിലെ സെക്ഷൻ 108 പ്രകാരം കമ്മീഷന് നയപരമായ തീരുമാനമെടുക്കാൻ ഗവൺമെന്റ് 10-10-2023-ന് ശിപാർശ നൽകിയെങ്കിലും അതിനുശേഷമുള്ള യാതൊരു നടപടിയും ഉണ്ടായില്ല. കരാറിൽ യാതൊരുവിധ ക്രമക്കേടുകളും ഇല്ലെന്ന് വിജിലൻസ് കണ്ടെത്തിയിട്ടും, കേരളത്തിന്റെ വൈദ്യുതി വിതരണത്തെ ഇത് ഗുരുതരമായി ബാധിക്കുമെന്ന് ബോർഡ് ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും സർക്കാർ സ്വീകരിച്ചത് തികഞ്ഞ അനങ്ങാപ്പാറ

നയമാണ്. അനങ്ങാപ്പാറ നയം നിങ്ങളുടേതാണ്, ഞങ്ങളുടേതല്ല, നിങ്ങളത് മനസ്സിലാക്കണം. അനങ്ങാപ്പാറ നയത്തിന്റെ ഫലമായിട്ട് ഗവൺമെന്റിന് വൈകിയുദിച്ച ബുദ്ധിയുടെ അടിസ്ഥാനത്തിൽ 10-10-2023-ന് കരാർ പിൻവലിക്കാൻ റഗുലേറ്ററി കമ്മീഷന് കത്ത് നൽകിയതുപ്രകാരം കമ്മിഷൻ ആയത് പിൻവലിച്ചു. കേരളത്തിന് വൈദ്യുതി നൽകാതിരിക്കുന്നതാണ് കരാർ കമ്പനികൾക്ക് ലാഭം. ഉയർന്ന വിലയ്ക്ക് മറ്റുപ്രദേശങ്ങൾക്ക് വൈദ്യുതി വില്പന നടത്തി ലാഭമുണ്ടാക്കുന്ന കരാർ കമ്പനികൾ പഴയനിരക്കിൽ കേരളത്തിന് വൈദ്യുതി നൽകാൻ കഴിയില്ലെന്ന് കാണിച്ച് അപ്പീൽ പോവുകയും ചെയ്തു. സംസ്ഥാനത്തിന് 4.29 പൈസയ്ക്ക് 465 മെഗാവാട്ട് വൈദ്യുതി കിട്ടുന്ന ദീർഘകാല കരാർ റദ്ദാക്കിയതുകൊണ്ടാണ് സംസ്ഥാനത്ത് നിലവിൽ വൈദ്യുതി ലഭിക്കാത്തത്. മറ്റൊരു കാര്യം, ബഹു. മുഖ്യമന്ത്രി ചോദിച്ച ഒരു ചോദ്യത്തിന്റെ മറുപടി നൽകിയില്ല. ആ ചോദ്യം അന്തരീക്ഷത്തിൽ നിൽക്കുകയാണ്. 4.29 നിരക്കിന്റെ വൈദ്യുതി കരാർ റദ്ദാക്കിയപ്പോൾ പകരം 4.28-ന് കിട്ടുന്ന ഏതെങ്കിലും കരാറിൽ കഴിഞ്ഞ സർക്കാർ ഏർപ്പെട്ടോ? 9-10-

25-ന് പുതിയ വൈദ്യുതി കരാർ ടെൻഡർ നൽകുന്നതിന് സർക്കാർ പരിശ്രമം നടത്തിയിട്ടുണ്ട്. ടെൻഡർ ക്ഷണിച്ചെങ്കിലും ആരും ക്വാട്ട് ചെയ്തിരുന്നില്ല. 6.02 പൈസയ്ക്ക് വന്ന ക്വട്ടേഷൻ സ്വീകരിക്കാനുമായില്ല. 4.29-ന്റെ റദ്ദാക്കി മൂന്നാമത് ടെൻഡർ ഏഴുകൊല്ലത്തേക്ക് 5-2-24-ന് കരാർ ക്ഷണിച്ചപ്പോൾ 7.48 പൈസയ്ക്കും ക്വാട്ട് ചെയ്തു. ഏഴ് കൊല്ലത്തേക്ക് ഷോർട്ട് ടേം കരാറാണ് ക്ഷണിച്ചത്. 13-5-26-ന് ദീർഘകാല കരാർ ക്ഷണിച്ചപ്പോഴും 6.52 പൈസയ്ക്ക് ക്വാട്ട് ചെയ്തു. ഇവയൊന്നും സർക്കാരിന് സ്വീകരിക്കാനായില്ല. തുടർന്ന് 2026 വർഷത്തിൽ മെയ് മാസം 7, 23 എന്നീ തീയതികളിലും ജൂൺ മാസം 15, ജൂലൈ മാസം 7 എന്നിങ്ങനെ പല തവണകളായി ടെൻഡർ ക്ഷണിച്ചെങ്കിലും ക്വാട്ട് ചെയ്ത തുകയ്ക്കുള്ള കരാറുകളൊന്നുംതന്നെ സർക്കാരിന് ഉറപ്പിക്കാൻ സാധിച്ചില്ല, 4.29-നേക്കാൾ കുറഞ്ഞ നിരക്കിൽ വൈദ്യുതി എവിടെനിന്നും ലഭ്യമല്ലെന്ന് കഴിഞ്ഞ സർക്കാർതന്നെ സമ്മതിച്ച കാര്യമാണ്. കുരിശ്ശുരാനാണ് ഇവർ വൈദ്യുത വകുപ്പ് എന്നെ ഏല്പിച്ചത്, മുൾകിരീടം ഏല്പിച്ചു. 465 മെഗാവാട്ടിന്റെ വൈദ്യുതി പദ്ധതി നഷ്ടപ്പെടുത്തി. മാർച്ച്, ഏപ്രിൽ

മാസങ്ങളിലെ വൈദ്യുതി ഉപഭോഗം കൈകാര്യം ചെയ്യുന്നതിന് 500 മെഗാ വാട്ട് സ്വാപ് (Swap) വ്യവസ്ഥയിൽ കടം വാങ്ങി. കടം വാങ്ങിയതിന്റെ തുക എപ്പോൾ നൽകാമെന്നാണ് നിങ്ങൾ പറഞ്ഞത്? ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ 500 മെഗാ വാട്ടിന്റെ തുക നൽകാമെന്നാണ് പറഞ്ഞത്. മഴക്കുറവുമൂലം വൈദ്യുതി പ്രതിസന്ധിയുണ്ടായ സാഹചര്യത്തിൽ 465 മെഗാവാട്ട് വൈദ്യുതി നഷ്ടപ്പെട്ടതുമാത്രമല്ല, കഴിഞ്ഞ സർക്കാർ ഉണ്ടാക്കിയ 500 മെഗാവാട്ട് വൈദ്യുതിയുടെ കടബാധ്യത കൂടി യു.ഡി.എഫ്. സർക്കാരിന്റെ ബാധ്യതയായി വന്നു. അത് വീട്ടാനുള്ള ഉത്തരവാദിത്വംകൂടി ഈ സർക്കാർ നിർവഹിച്ച് വിജയിക്കുന്ന സന്ദർഭമാണിത്. അപ്രഖ്യാപിത പവർ കട്ട് കാരണം ജനങ്ങൾക്കുണ്ടായ പ്രയാസം സർക്കാർ മനസ്സിലാക്കുന്നു. അതിനുപിന്നിലുള്ള കാരണങ്ങൾ ജനങ്ങളും മനസ്സിലാക്കി. ഈ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള എല്ലാ പരിശ്രമങ്ങളും സർക്കാർ നടത്തിവരികയാണ്. അതിനോട് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവരും സഹകരിക്കണം. പൊതുജനങ്ങൾ സഹകരിക്കുന്നുണ്ട്. ബഹു. കേന്ദ്ര ഊർജ്ജ വകുപ്പുമന്ത്രിയുമായും

നാഷണൽ തെർമൽ പവർ കോർപ്പറേഷനുമായും (NTPC) കേരളത്തിന്റെ വൈദ്യുതി പ്രതിസന്ധി സംബന്ധിച്ച ചർച്ചകൾ തുടരുകയാണ്. എല്ലാ സംസ്ഥാനങ്ങളും സന്ദർശിക്കുകകയും കഴിയാവുന്നത്ര വൈദ്യുതി വാങ്ങുന്നതിന് കെ.എസ്.ഇ.ബി.എൽ. ബോർഡ് ഡയറക്ടേഴ്സ് നടപടിയും സ്വീകരിച്ചിട്ടുണ്ട്. വൈദ്യുതി വാങ്ങലിന് ഹിമാചൽപ്രദേശ് സംസ്ഥാനവുമായി കരാറിൽ ഏർപ്പെടുന്നതിന് കേരളം പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. നഷ്ടപ്പെട്ട 465 മെഗാവാട്ടിന്റെ കരാർ വീണ്ടെടുക്കുന്നതിന് ബഹു.സുപ്രീംകോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത അപ്പീൽ നേരത്തെ കേൾക്കുന്നതിന് സ്പെഷ്യൽ അഡ്വാൻസ് പെറ്റിഷൻ നൽകിയതുപ്രകാരം 2026 ഡിസംബർ 9-ന് ആദ്യ ഹിയറിങ്ങിന് തീരുമാനമായിട്ടുണ്ട്. ഇന്ത്യയിലെ പ്രമുഖ അഭിഭാഷകനായ ശ്രീ. കപിൽ സിബലിനാണ് പ്രസ്തുത കേസ് ഏല്പിച്ചിരിക്കുന്നത്. ആ കേസിൽ വിജയിക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. വൈദ്യുതി പ്രതിസന്ധി പരിഹരിക്കാനുള്ള ആത്മാർഥവും സത്യസന്ധവും വസ്തുനിഷ്ഠവുമായ എല്ലാ പരിശ്രമങ്ങളും സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നു. അതിനോട്

ജനങ്ങൾക്കൊപ്പം പ്രതിപക്ഷവും സഹകരിക്കണമെന്നാണ് എനിക്ക് അഭിപ്രായപ്പെടാനുള്ളത്. പ്രസ്തുത വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, നമ്മുടെ മുമ്പിലുള്ള വളരെ ഗൗരവതരമായ വിഷയമാണ് പവർ മാനേജ്മെന്റ്. പ്രത്യേകിച്ച് പീക്ക് അവറിലെ മാനേജ്മെന്റ് വളരെ പ്രധാനപ്പെട്ടതാണ്. ഇവിടെ പറഞ്ഞതിനനുസരിച്ച്, യാതൊരു പ്രതീക്ഷയുമില്ലാതെ, ഒരു സർക്കാർ പോലും ചിന്തിക്കാത്ത തരത്തിലുള്ള വർധനവ് വൈദ്യുതി ഉപഭോഗത്തിൽ സംഭവിച്ചു. 26 ശതമാനത്തിൽ അധികം വർധനവാണ് ഉപഭോഗത്തിലുണ്ടായത്. സാധാരണഗതിയിൽ വൈദ്യുതി ഉപഭോഗം മൂന്നോ നാലോ ശതമാനം മാത്രം വർധിക്കുന്ന സംസ്ഥാനത്ത് കഴിഞ്ഞ വർഷത്തെ സെപ്റ്റംബർ മാസത്തിനേക്കാൾ അപ്രതീക്ഷിതമായി 1200 മെഗാ വാട്ട് കൂടുതൽ ഈ സെപ്റ്റംബറിൽ നൽകേണ്ട സാഹചര്യമാണുണ്ടായത്. ലോങ് ടേം എഗ്രിമെന്റ് ഒന്നുംതന്നെ നിലവില്ലാത്ത സാഹചര്യത്തിൽ 1200 മെഗാവാട്ട് വൈദ്യുതിയുടെ

കുറവ് പരിഹരിക്കാൻ മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടതായി വരും. പക്ഷെ, സെപ്റ്റംബർ മാസത്തിൽ സംഭവിച്ചതുപോലെ എല്ലാ സംസ്ഥാനങ്ങളിലും ഇപ്രകാരം വൈദ്യുതി പ്രതിസന്ധിയുണ്ടായി. ആവശ്യത്തിനുള്ള വൈദ്യുതി ലഭ്യമല്ലാത്ത സ്ഥിതിയായിരുന്നു. വളരെ പ്രയാസപ്പെട്ടാണ് ഒരു ഡസണിലധികം സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് 600-700 മെഗാവാട്ട് സംഭരിച്ചത്. ഒഡീഷയിൽനിന്നും 150 മെഗാവാട്ട് വൈദ്യുതിയും കേന്ദ്ര ഊർജ വകുപ്പുമന്ത്രിയുടെ സഹായത്താൽ ന്യൂക്ലിയർ പവർ കോർപ്പറേഷനിൽനിന്നും 4.65 പൈസയ്ക്ക് 150 മെഗാവാട്ട് വൈദ്യുതിയും വാങ്ങി. ഇത്തരത്തിലാണ് സംസ്ഥാനം 650-700 മെഗാവാട്ട് വൈദ്യുതി ക്രമീകരിച്ചത്. യൂണിറ്റിന് 4.29 പൈസ എന്ന നിരക്കിൽ 465 മെഗാവാട്ടിന്റെ വൈദ്യുതി, 25 വർഷത്തെ കാലാവധിയോടുകൂടിയ ലോങ് ടേം എഗ്രിമെന്റ് റദ്ദാക്കുമ്പോൾത്തന്നെ എല്ലാവർക്കും അറിയാവുന്ന വസ്തുതയാണ്, പ്രസ്തുത റേറ്റിൽ ഇനിയൊരിക്കലും വൈദ്യുതി ലഭിക്കില്ലെന്നത്. പ്രസ്തുത നിരക്കിന് താൽക്കാലികമായി ലഭിച്ചാലും ദീർഘകാലാടിസ്ഥാനത്തിൽ ലഭിക്കില്ല.

നിങ്ങൾ 4.29 പൈസയ്ക്ക് വൈദ്യുതി ലഭിക്കുന്ന കരാർ റദ്ദാക്കിയത് സംബന്ധിച്ചൊന്നും അഭിപ്രായപ്പെടുന്നില്ല, നാളെ 4.28 പൈസയ്ക്ക് പുതിയൊരു എഗ്രിമെന്റ് വയ്ക്കുമെങ്കിൽ നിങ്ങളെ ഞാൻ അഭിനന്ദിക്കാമെന്ന് ഞാൻ മുമ്പ് സൂചിപ്പിച്ചിട്ടുണ്ട്. ഇവിടെ ടെൻഡർ വച്ചതിനെപ്പറ്റിയാണ് വൈദ്യുതി വകുപ്പുമന്ത്രി പറഞ്ഞത്. ടെൻഡർ ഇല്ലാതായപ്പോൾ വൈദ്യുതി വാങ്ങിച്ചു. 4 രൂപ 29 പൈസയ്ക്ക് ഇരുപത്തിയഞ്ച് വർഷം ലഭിക്കേണ്ട 465 മെഗാവാട്ട് കരാർ റദ്ദ് ചെയ്തിട്ട് 8 രൂപ മുതൽ 14 രൂപയ്ക്ക് വരെ വാങ്ങിച്ചു. നവ സാമ്പത്തിക ഉദാരീകരണം. ഇത് കേരളം അറിയണം, എന്നിട്ട് ഭാവിയിലേക്കൊരു ലോങ് ടേം എഗ്രിമെന്റ് വച്ചില്ല. 6 രൂപ 32 പൈസയ്ക്ക് ലോങ് ടേം എഗ്രിമെന്റ് വച്ചിരുന്നുവെങ്കിൽ ഈ crisis കുറച്ചുകൂടി നന്നായി നേരിടാമായിരുന്നു. നിങ്ങൾ പത്തുവർഷംകൊണ്ട് 156 മെഗാവാട്ട് ആണ് ഉണ്ടാക്കിയത്. 2016-ൽ അധികാരമേൽക്കുമ്പോൾ അടുത്ത പത്ത് വർഷത്തേക്കുള്ള കേരളത്തിന്റെ consumption എത്രയായിരിക്കുമെന്ന് പ്ലാൻ ചെയ്തോ? പതിനഞ്ച് ശതമാനം വൈദ്യുതിയാണ് ഇപ്പോൾ കേരളത്തിൽ ഉൽപാദിപ്പിക്കുന്നത്. ബാക്കി മുഴുവൻ

പുറത്തുനിന്ന് വാങ്ങണം. പത്ത് വർഷത്തെ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണം കഴിഞ്ഞപ്പോഴുള്ള സ്ഥിതിയാണിത്. ഇങ്ങനെ പോകാൻ പറ്റില്ല. ഒന്ന്, ഹ്രസ്വകാലത്തേക്കും ദീർഘകാലത്തേക്കുമുള്ള കരാറുകൾ ഉണ്ടാകണം. രണ്ട്, വൈദ്യുതി കൂടുതലായി ജനറേറ്റ് ചെയ്യുകയും വേണം. ഇപ്പോൾ 5700 മെഗാവാട്ട് വൈദ്യുതി ഉപയോഗിക്കുന്നുവെങ്കിൽ 2030 ആകുമ്പോൾ പതിനായിരമോ പതിനൊന്നായിരമോ മെഗാവാട്ട് വൈദ്യുതി ആയിരിക്കും ഉപഭോഗം. കാരണം വ്യവസായങ്ങൾ, ഡാറ്റാ സെന്ററുകൾ ഒക്കെ വരികയാണ്, consumption വർധിക്കും. അപ്പോൾ ഒരു പ്രൊജക്ഷൻ ഉണ്ടാകണം. അടുത്ത അഞ്ച് വർഷം കഴിയുമ്പോൾ 5000 മെഗാവാട്ട് വൈദ്യുതിയെങ്കിലും പുതുതായി ഉൽപാദിപ്പിക്കണം. അതിൽ ഹൈഡൽ പവർ കൊണ്ടുവരാനുള്ള സാധ്യതകൾ കുറവാണ്. ന്യൂക്ലിയർ, തെർമൽ പവർ എന്നിവ കൊണ്ടുവരാൻ ജനങ്ങൾ സമ്മതിക്കുന്നില്ല. പിന്നെയുള്ളത് റിന്യൂവബിൾ എനർജിയും പമ്പ്ഡ് സ്റ്റോറേജും, അത് രണ്ടും വർധിപ്പിക്കണം. പക്ഷേ റിന്യൂവബിൾ എനർജിയുടെ പ്രോബ്ലം എന്താണ്? ഇതുവരെ കേരളത്തിൽ ബാറ്ററി സ്റ്റോറേജ് ഇല്ല. പകൽ

മാത്രമെ ഉൽപാദിപ്പിക്കാനും ഉപയോഗിക്കാനും സാധിക്കുകയുള്ളൂ. എന്നിട്ട് രാത്രി, അതായത് peak hour-ൽ ഇലക്ട്രിസിറ്റി ബോർഡ് അത് തിരിച്ചുകൊടുക്കണം. ഇലക്ട്രിസിറ്റി ബോർഡിന്റെ ബാധ്യത വീണ്ടും കൂടുകയാണ്. അതിനാൽ 5000-6000 മെഗാവാട്ട് വൈദ്യുതിയെങ്കിലും പുതുതായി target ചെയ്യുകയും അതിന് ബാറ്ററി സ്റ്റോറേജ് ഫെസിലിറ്റി കൊടുക്കുകയും ചെയ്യാൻ സാധിക്കണം. ANERT പോലുള്ളവ മുഖേന സ്റ്റോറേജുകളെ പ്രോൽസാഹിപ്പിക്കണം. അങ്ങനെ ബാറ്ററി സ്റ്റോറേജ് നൽകിയാൽ ഉൽപാദിപ്പിക്കുന്ന വൈദ്യുതി ആളുകൾക്കോ വീടുകൾക്കോ സ്ഥാപനങ്ങൾക്കോ രാത്രി ഉപയോഗിക്കാൻ സാധിക്കും, അതുമല്ലെങ്കിൽ വലിയ പദ്ധതികൾക്ക് ബാറ്ററി സ്റ്റോറേജ് കൊടുത്ത് ഇലക്ട്രിസിറ്റി ബോർഡിലേക്ക് വരാനുള്ള പ്രൊപ്പോസൽസ് ഇപ്പോൾ വന്നിട്ടുണ്ട്. അവർ ആ ബാറ്ററി സ്റ്റോറേജ് ഉപയോഗിച്ച് വൈദ്യുതി peak hours-ലേക്ക് ഇലക്ട്രിസിറ്റി ബോർഡിലേക്ക് തരും. ഇതാണ് യഥാർത്ഥ സ്ഥിതി. ഇപ്പോൾ എന്തുകൊണ്ട് ഇങ്ങനെയുണ്ടായി? ഈ സർക്കാർ അധികാരത്തിൽ വന്ന് മൂന്ന് മാസത്തിനുശേഷം ഉണ്ടാകുന്നൊരു

പ്രശ്നമാണ്. ആ സമയത്ത്, സെപ്റ്റംബറിൽ ഉണ്ടാകുന്ന 1200 മെഗാവാട്ടിന്റെ അധിക വർധനവ് നേരിടുന്നതിനായി വൈദ്യുതി വാങ്ങിക്കാൻ ഒരാഴ്ച നമ്മൾ വളരെ പ്രയാസപ്പെട്ടു. പിന്നെയാണ് അത് കുറച്ച് 150-200 മെഗാവാട്ടിലേക്ക് കൊണ്ടുവന്നത്. കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയോടുകൂടി NTPC ചെയർമാനുമായി ചർച്ച നടത്തിയിരുന്നു. അവരുമായി വളരെ നല്ലൊരു ലോങ് ടേം എഗ്രിമെന്റ് ഉണ്ടാക്കാൻ സാധിക്കും. ലോങ് ടേം എഗ്രിമെന്റ് ഉണ്ടാക്കാൻ പോകുമ്പോൾ വലിയ തുകയാണ് ചോദിക്കുന്നത്. ഹിമാചൽ പ്രദേശ് പതിനാല് രൂപയായിരുന്നു ചോദിച്ചത്, ഞാൻ മുഖ്യമന്ത്രിയുമായി സംസാരിച്ചതിനെ തുടർന്ന് അത് പന്ത്രണ്ട് രൂപയിൽ നിൽക്കുകയാണ്. പക്ഷേ പന്ത്രണ്ട് രൂപയ്ക്ക് ലോങ് ടേം എഗ്രിമെന്റ് വച്ചാൽ ഉണ്ടാകുന്ന ബാധ്യത വലുതാണ്. ഗവൺമെന്റ് ടു ഗവൺമെന്റും ഗവൺമെന്റ് ടു പബ്ലിക് സെക്ടർ എഗ്രിമെന്റും വയ്ക്കാൻ വേണ്ടിയാണ് പരമാവധി ആലോചിക്കുന്നത്. അതല്ല അന്ന് ചെയ്തത്, അദാനിയുടെയും അംബാനിയുടെയും പേര് പറഞ്ഞുകൊണ്ട് ഞാൻ പറഞ്ഞതാണ്. ഈ കരാർ റദ്ദാക്കിയിട്ട് ആരുടെ കൈയിൽനിന്നൊക്കെയാണ്

## *Adjournment Motion*

എട്ട് രൂപ മുതൽ പതിനാല് രൂപ വരെ വൈദ്യുതി വാങ്ങിയതെന്ന് ഞാൻ ഇവിടെ പറയുന്നില്ല. (.......ബഹളം.....) നവ സാമ്പത്തിക ഉദാരവൽക്കരണ നയം എന്നുപറഞ്ഞ് നാല് രൂപ ഇരുപത്തിയൊൻപത് പൈസ കട്ട് ചെയ്ത്, എട്ട് രൂപയ്ക്കും പതിനാല് രൂപയ്ക്കും ഏതൊക്കെ കമ്പനികളിൽനിന്നാണ് വൈദ്യുതി വാങ്ങിയത്? സത്യത്തിൽ ഈ കരാർ റദ്ദാക്കാനും എന്നിട്ട് വൈദ്യുതി വാങ്ങിക്കാനും നടത്തിയ ഇടപാടിനെക്കുറിച്ച് അന്വേഷിക്കേണ്ടതാണ്. അതുകൊണ്ട് കേരളത്തിന് കൃത്യമായ വൈദ്യുതി നയം ഉണ്ടാകും. ഷോർട്ട് ടേമിലേക്ക് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലോങ് ടേമിൽ അത് പരിഹരിക്കാനുള്ള നടപടിയുണ്ടാകും. ആ വൈദ്യുതി നയം സർക്കാർ പ്രഖ്യാപിക്കും. സർക്കാരിന്റെ ബാധ്യത കുറച്ചുകൊണ്ട് ഇലക്ട്രിസിറ്റി ബോർഡിനെ പൊതുമേഖലയിൽതന്നെ നിലനിർത്തിക്കൊണ്ട് ഏറ്റവും മികച്ച സ്ഥാപനമാക്കി ഈ സർക്കാർ അതിനെ മാറ്റും എന്ന് ഞാൻ ഈ സഭയ്ക്ക് ഉറപ്പുനൽകുന്നു.

*Adjournment Motion*

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും വൈദ്യുതി വകുപ്പുമന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ചട്ടം 50 പ്രകാരമുള്ള നോട്ടീസിന് അവതരണാനുമതി നിഷേധിക്കുന്നു.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. പിണറായി വിജയൻ): സർ, ചിലർക്ക് നുണകൾ നല്ലരീതിയിൽ അവതരിപ്പിച്ച് വസ്തുതയാണെന്ന് ബോധ്യപ്പെടുത്താനുള്ള അപാരമായ കഴിവുകൾ ഉണ്ടാകാറുണ്ട്. ഇവിടെ അതിന്റെ ചില പ്രകടനങ്ങളാണ് വലിയ തോതിൽ കണ്ടത്. ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി പറയുമ്പോൾ, നേരത്തെ വകുപ്പ് കൈകാര്യം ചെയ്ത ശ്രീ. കെ. കൃഷ്ണൻകുട്ടി എഴുതിയ ലേഖനത്തിൽ ആ ഗവൺമെന്റ് നടത്തിയ ആസൂത്രണത്തെപ്പറ്റി പറഞ്ഞു. അതൊരു കുറ്റസമ്മതമാണെന്നാണ് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിക്ക് തോന്നിയത്. ഇവിടെ വലിയതോതിൽ ഉയർത്താൻ നോക്കിയത്, കഴിഞ്ഞ എൽ.ഡി.എഫ്.

സർക്കാരിന്റെ കാലത്ത് വൈദ്യുതി രംഗത്ത് യാതൊരു ഉൽപാദനവും നടന്നില്ലായെന്ന് സമർഥിക്കാനാണ്. അത് തീർത്തും വസ്തുതാവിരുദ്ധമായ ഒരു കാര്യമാണ്. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 2092 മെഗാവാട്ട് വൈദ്യുതിയാണ് അധികമായി ഗ്രിഡിലേക്ക് കൂട്ടിച്ചേർത്തത്. 2122 മെഗാവാട്ട് വൈദ്യുതി ലഭ്യമാക്കാനുള്ള ദീർഘകാല കരാറിലും ആ കാലത്ത് ഏർപ്പെട്ടു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കുമ്പോൾ സോളാർ മിച്ച വൈദ്യുതി എങ്ങനെ സംഭരിക്കുമെന്നുള്ള പ്രശ്നം ഉന്നയിച്ചല്ലോ? ആറ് ബാറ്ററി സ്റ്റോറേജ് പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചതാണ്. ഇങ്ങനെല്ലാമുള്ള ആസൂത്രണം എന്തോ ഒരു കുറ്റസമ്മതമാണെന്ന മട്ടിലാണ് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി അവതരിപ്പിക്കുന്നതായി കണ്ടത്. (ബഹളം...) ഞാൻ അതിനെക്കുറിച്ച് വിശദമായി പറയാം, നിങ്ങൾക്ക് ശാന്തമായി കേൾക്കാം. (ബഹളം...) സമയം എടുക്കുന്നതിനെപ്പറ്റി ഇപ്പോൾ തന്നെ തുടങ്ങി. അങ്ങയെ സഹായിക്കാനാണെന്ന് തോന്നുന്നു. ഞാൻ തുടങ്ങിയിട്ടേയുള്ളു.

*Adjournment Motion*

<u>മി. സ്പീക്കർ</u>: ഇല്ല. അങ്ങേയ്ക്ക് ഒരു കൃത്യസമയമുണ്ട്. അങ്ങ് സാധാരണ അത് നിർത്താറുമുണ്ട്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, കേന്ദ്രത്തിൽ അധികാരത്തിലിരിക്കുന്ന ബി.ജെ.പി. ഗവൺമെന്റിന് കൃത്യമായൊരു നയമുണ്ട്. ബഹു. മുഖ്യമന്ത്രി 'നവ... നവ...' എന്നുപറഞ്ഞ് തപ്പിക്കളിച്ചല്ലോ, അത് തന്നെയാണ് നയം. 'നവ ഉദാരവൽക്കരണ നയം' . അത് അങ്ങ് എങ്ങനെയാണ് മറന്നുപോയതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. കാരണം ആ നയം തുടങ്ങിയത് നിങ്ങളാണ്, കോൺഗ്രസാണ് തുടങ്ങിയത്. ആ നയം പിന്നീട് ബി.ജെ.പി. കൃത്യമായി നടപ്പാക്കി, ബി.ജെ.പി.-യ്ക്ക് അന്നേ അതിനോട് യോജിപ്പാണ്. ഈ രണ്ടു കൂട്ടർക്കും ഒരേ നയമാണ്. ആ നയം ഇവിടെ യു.ഡി.എഫ്. ഗവൺമെന്റും നടപ്പാക്കുകയാണ്. ഇതിന്റെ ഭാഗമായി ഉണ്ടാകുന്ന ഒന്നാണ് ഈ വൈദ്യുതി പ്രതിസന്ധി. ഇത്തരത്തിൽ പ്രതിസന്ധി കൂടാൻ കാരണം കഴിവുകേടാണ്. കെടുകാര്യസ്ഥത ഇതിൽപ്പരം ഉണ്ടാകാനില്ല, അതിന്റെ ഭാഗമായി സംഭവിച്ചതാണ്. പലപ്പോഴും, കഴിഞ്ഞ ഗവൺമെന്റിനുമേൽ മുഴുവൻ കുറ്റവും

ചാരി രക്ഷപ്പെടാനാകുമോ എന്ന ശ്രമമാണ് വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയുമൊക്കെ നടത്തുന്നതായി കാണുന്നത്. നമ്മുടെ സംസ്ഥാനത്ത് ഏത് തരത്തിലാണ് ലോഡ് ഷെഡ്ഡിങ് പ്രയാസങ്ങൾ ഉണ്ടാക്കിയത്? ആ പ്രയാസം അനുഭവിക്കാത്ത ഏതെങ്കിലും ജനങ്ങളുണ്ടോ; ഏതെങ്കിലും സ്ഥാപനം ഉണ്ടോ; കേരളത്തിൽ ജീവിക്കുന്ന മുഴുവൻ ജനങ്ങളും അതിന്റെ പ്രയാസം അനുഭവിക്കുകയല്ലേ; വ്യാപാര സ്ഥാപനങ്ങൾ, ഹോട്ടലുകൾ, വീടുകൾ എല്ലാം ഇതിന്റെ ഭാഗമായി പ്രയാസം അനുഭവിക്കുകയല്ലേ; എന്താണ് വ്യാവസായിക രംഗത്തിന്റെ സ്ഥിതി? വൈദ്യുതി വലിയതോതിൽ പ്രതിസന്ധിയിലേക്ക് പോകുന്നു എന്നു പറയുമ്പോൾ, പണ്ട് 95 ശതമാനം പവർകട്ട് നടപ്പാക്കിയിരുന്ന സംസ്ഥാനമായിരുന്നു നമ്മുടെ സംസ്ഥാനം. അങ്ങനെ ഒരവസ്ഥ കേരളത്തിൽ വീണ്ടും തിരിച്ചു വന്നേക്കുമോ എന്ന ആശങ്കയിൽ വ്യാവസായിക സ്ഥാപനങ്ങൾ ഇങ്ങോട്ട് വരാൻ മടികാണിക്കുമല്ലോ? അതിനെകുറിച്ച് എന്തെങ്കിലും ചിന്ത ഈ ഗവൺമെന്റിന് ഉണ്ടോ? (.......ബഹളം.......) ജനങ്ങളാകെ ചോദിക്കുന്നത് ഈ ദുരിതം എന്നു

തീരുമെന്നാണ്? ഇവിടെ വലിയ തോതിൽ അവതരിപ്പിക്കാൻ നോക്കിയ പ്രശ്നം, യു.ഡി.എഫ്. സർക്കാർ ഒപ്പിട്ട 465 മെഗാവാട്ടിന്റെ ദീർഘകാല കരാർ എൽ.ഡി.എഫ്. സർക്കാർ റദ്ദ് ചെയ്തുവെന്നാണ്. അത് ശുദ്ധ നുണയാണ്. എൽ.ഡി.എഫ്. സർക്കാർ കരാർ റദ്ദ് ചെയ്തിട്ടില്ല. പക്ഷെ, കാണേണ്ട ഒരു കാര്യമുണ്ട്. അങ്ങും ഓർക്കുന്നുണ്ടാകും ആ കാര്യങ്ങൾ. ആ കാലത്ത്, കരാറിന്റെ അപാകതകളും അത് ക്രമത്തിൽ അല്ല എന്ന കാര്യവും ചൂണ്ടിക്കാണിച്ചിരുന്നു. പക്ഷെ, 2016-ൽ എൽ.ഡി.എഫ്. അധികാരത്തിൽ വരുമ്പോൾ 2015-ൽ ഒപ്പിട്ട ആ കരാർ റദ്ദ് ചെയ്യുന്ന നിലയല്ല സ്വീകരിച്ചത്. കരാർ അനുസരിച്ചുള്ള വൈദ്യുതി വാങ്ങാമെന്ന നയമാണെടുത്തത്. ഇത്രയും വൈദ്യുതി ആ റേറ്റിൽ അപ്പോൾ കിട്ടാൻ പ്രയാസമാണ്. അതുകൊണ്ടുതന്നെ (...ബഹളം......) അതിന്റെ ബാക്കി കേൾക്കുമ്പോൾ മനസ്സിലാകും. ഇപ്പോൾ കേട്ടപാടെ ചിരിക്കുകയല്ല വേണ്ടത്, അതിന്റെ ഭാഗമായി നമ്മുടെ സംസ്ഥാനത്തിനാണ് ദോഷം സംഭവിക്കുന്നത്. എവിടെയാണ് ഈ കരാറിന് പ്രശ്നമുണ്ടായത്; കരാർ ഒപ്പിടുന്നതിനുമുമ്പ് കേന്ദ്ര സർക്കാരിന്റെയും കേരള

## *Adjournment Motion*

സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെയും അനുമതി വാങ്ങണമായിരുന്നു. ആരായിരുന്നു കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ ചെയർമാൻ? വ്യക്തിപരമായിട്ട് ആക്ഷേപമുള്ള ആളല്ല; ടി. എം. മനോഹരൻ, എല്ലാവർക്കും നല്ല രീതിയിൽ അംഗീകരിക്കാൻ കഴിയുന്ന ഉദ്യോഗസ്ഥൻ തന്നെയായിരുന്നു എന്നതിൽ സംശയമൊന്നുമില്ല. അത് എൽ.ഡി.എഫ്. നിശ്ചയിച്ചതാണോ? ആ കാലത്ത് യു.ഡി.എഫ്. നിശ്ചയിച്ചതാണ്. ടി. എം. മനോഹരന്റെ അധ്യക്ഷതയിലുള്ള റെഗുലേറ്ററി കമ്മീഷൻ ഈ കരാർ അംഗീകരിക്കാൻ തയ്യാറായില്ല. (ബഹളം......) ഇതാണ് ഞാൻ പറഞ്ഞത്. ശരിക്കും ശാന്തമായി ഇരുന്ന് കേട്ടാലും മനസ്സിലാക്കാൻ കഴിയാതിരുന്നാൽ ഞാനെന്ത് ചെയ്യും; അത് മനസ്സിലാക്കിക്കാൻ എന്നെക്കൊണ്ട് സാധിക്കില്ലല്ലോ? ഞാൻ പറഞ്ഞത് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെ കുറിച്ചാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ടി.എൻ. മനോഹരൻ അധ്യക്ഷനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനെ നിശ്ചയിച്ച കാര്യമാണ് പറഞ്ഞത്. ടി ഉദ്യോഗസ്ഥനെ കുറിച്ച് വ്യക്തിപരമായ

ആക്ഷേപമുള്ള ആളല്ല ഞാൻ, അതും ഞാൻ കൂട്ടത്തിൽ പറഞ്ഞു. നല്ല കഴിവുറ്റ ഉദ്യോഗസ്ഥനായിരുന്നു അദ്ദേഹം. അങ്ങനെ ഒരാൾ ചെയർമാനായിട്ടുള്ള കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ എന്തു ചെയ്തു? അനുമതി നിഷേധിച്ചു. ആദ്യം ഇതുമായി ബന്ധപ്പെട്ട അനുമതി നിഷേധിക്കൽ നടക്കുന്നത് യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ ഇരിക്കുമ്പോഴാണ്. ആ ഗവൺമെന്റ് ഉണ്ടാക്കിയ കരാറിന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ നൽകേണ്ട അനുമതി ടി. എൻ. മനോഹരൻ അധ്യക്ഷനായ റെഗുലേറ്ററി കമ്മിഷൻ നിഷേധിക്കുന്നു. (.....ബഹളം....)

<u>മി. സ്പീക്കർ</u>: പ്ലീസ്... അദ്ദേഹം സംസാരിക്കട്ടെ.

<u>ശ്രീ. പിണറായി വിജയൻ</u>: ബഹളം വച്ചതുകൊണ്ട് ഇതെല്ലാം മറച്ചുവയ്ക്കാൻ സാധിക്കുമോ; ഇതൊക്കെ വസ്തുതകളല്ലേ? അതിനുശേഷം 2016-ൽ എൽ.ഡി.എഫ്. അധികാരത്തിൽ വന്നതിനുശേഷം ഗവൺമെന്റ് എന്ന നിലയ്ക്ക് സ്വീകരിച്ച നിലപാട് നേരത്തെ പറഞ്ഞു. അതോടൊപ്പംതന്നെ കെ.എസ്.ഇ.ബി.എൽ. വീണ്ടും റെഗുലേറ്ററി കമ്മീഷനെ സമീപിച്ചു. ടി. എം.

മനോഹരൻ അധ്യക്ഷനായിട്ടുള്ള അതേ കമ്മീഷൻ അന്നും അനുമതി നിഷേധിച്ചു. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നടന്ന ആദ്യത്തെ സംഭവം. ആ ഘട്ടത്തിൽ സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും ഡീവിയേഷൻ അപ്രൂവൽ വാങ്ങണമെന്ന് ടി. എൻ. മനോഹരൻ കമ്മീഷൻ അധ്യക്ഷനായുള്ള റെഗുലേറ്ററി കമ്മീഷൻ നിർദേശം വച്ചു. കരാർ പ്രകാരമുള്ള വൈദ്യുതി നമ്മുടെ സംസ്ഥാനം വാങ്ങിക്കൊണ്ടേയിരുന്നു. 2023-ലാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ ഇതുമായി ബന്ധപ്പെട്ട് തീരുമാനം എടുക്കുന്നത്. (.....ബഹളം......) അന്ന് ടി. കെ. ജോസ് ആയിരുന്നു അധ്യക്ഷൻ. ടി. എൻ. മനോഹരൻ കമ്മീഷനിലെ മെമ്പർമാർ ആരാണെന്ന് ഞാൻ പറഞ്ഞിട്ടില്ലല്ലോ? ടി. കെ ജോസും നല്ല ഉദ്യോഗസ്ഥനായിരുന്നു, അദ്ദേഹത്തെപറ്റി ആർക്കും യാതൊരു പരാതിയും ഉണ്ടായിരുന്നില്ല. അദ്ദേഹത്തെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ അധ്യക്ഷനായി നിശ്ചയിച്ചു. പ്രസ്തുത കമ്മീഷന്റെ പരിശോധനയുടെ ഭാഗമായി ആ കരാർ റദ്ദ് ചെയ്യുകയും ചെയ്തു. 2015 മുതൽ

റെഗുലേറ്ററി കമ്മീഷൻ സ്വീകരിച്ചുവരുന്ന നിലപാട് 2023-ൽ ഫൈനലൈസ് ചെയ്തു. ആ ഘട്ടത്തിൽ സർക്കാർ എന്തു നിലപാടാണ് എടുത്തത്? അതാണല്ലോ പ്രശ്നം. റെഗുലേറ്ററി കമ്മീഷൻ സ്വീകരിച്ച നിലപാടിനോടൊപ്പമല്ല സർക്കാർ നിന്നത്. (..ബഹളം...) ആര് അംഗങ്ങളായാലും റെഗുലേറ്ററി കമ്മീഷൻ, റെഗുലേറ്ററി കമ്മീഷനാണ്. ടി. എൻ. മനോഹരൻ അധ്യക്ഷനായാലും ടി. കെ. ജോസ് അധ്യക്ഷനായാലും റെഗുലേറ്ററി കമ്മീഷന്റെ റോളാണ് അവർ വഹിച്ചത്. അതിന്റെ ഭാഗമായി എടുത്ത നിലപാടാണ് പറയുന്നത്. (...ബഹളം.....) പൊളിറ്റിക്കൽ അപ്പോയിന്റ്മെന്റ് അല്ല, യോഗ്യത അനുസരിച്ചുള്ള അപ്പോയിന്റ്മെന്റാണ്. (...ബഹളം.....) വസ്തുതകൾ അവതരിപ്പിക്കാതിരിക്കണമെന്ന് അവർക്ക് നിർബന്ധമുണ്ട്. പക്ഷേ, എനിക്ക് വസ്തുതകൾ അവതരിപ്പിക്കാതിരിക്കാനാവില്ല. കാരണം, മുഖ്യമന്ത്രി തന്നെ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ അവതരിപ്പിച്ചല്ലോ? അപ്പോൾ പറയാതിരിക്കാൻ പറ്റുമോ? അന്നത്തെ സർക്കാർ റെഗുലേറ്ററി കമ്മീഷന്റെ നിലപാട് അംഗീകരിക്കുകയല്ല ചെയ്തത്; എന്താണ് ചെയ്യാൻ സാധിക്കുകയെന്ന്

ഞങ്ങൾ പരിശോധിച്ചു. അതുമായി ബന്ധപ്പെട്ട് സർക്കാരിന് ഒരധികാരമുണ്ടെന്ന് അപ്പോഴാണ് മനസിലാക്കുന്നത്. ആ അധികാരം പ്രയോഗിക്കാം. അതുമായി ബന്ധപ്പെട്ട് സർക്കാർ കരാർ പുനഃസ്ഥാപിക്കാനുള്ള നയപരമായ നിർദ്ദേശം നൽകി. അങ്ങനെ ......(ബഹളം)...... അതിനെപ്പറ്റിയെല്ലാം ഞാൻ പറഞ്ഞു കഴിഞ്ഞു. അങ്ങനെ തുടങ്ങിയാൽ പിന്നെ വഴങ്ങാനല്ലേ നേരമുണ്ടാകു.

മി. സ്പീക്കർ: ഇത് വാക്കൗട്ട് പ്രസംഗമല്ലേ. അദ്ദേഹം കംപ്ലീറ്റ് ചെയ്യട്ടെ.

ശ്രീ. പിണറായി വിജയൻ: സർ, നയപരമായ നിർദേശം നൽകാൻ ഞങ്ങൾ തീരുമാനിച്ചു. ആ തീരുമാനം റെഗുലേറ്ററി കമ്മിഷൻ അംഗീകരിക്കാൻ ബാധ്യസ്ഥമാണ്. തെറ്റ് തിരുത്തലല്ല, ഇതാണ്... (ബഹളം)... പറഞ്ഞ കാര്യങ്ങൾ മനസ്സിലാക്കാതെ വീണ്ടും അവിടെത്തന്നെ ചൊറിഞ്ഞുകൊണ്ടിരിക്കുകയാണ്.

അതിൽ സംഭവിച്ച പിഴവെന്താണ്? യഥാർഥത്തിൽ റെഗുലേറ്ററി കമ്മിഷന്റെയും കേന്ദ്ര ഗവൺമെന്റിന്റെയും അനുമതിയോടെയായിരുന്ന ആ

കരാറിൽ ഏർപ്പെടേണ്ടിയിരുന്നത്. അങ്ങനെ ഏർപ്പെട്ടില്ല എന്നതാണ് പ്രശ്നം. എന്തുകൊണ്ടാണ് അന്നത്തെ റെഗുലേറ്ററി കമ്മിഷനടക്കം ആ കരാറിന് അനുമതി നൽകാതിരുന്നത്? ആ പ്രശ്നങ്ങൾ ഉണ്ടല്ലോ. അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ എന്തുകൊണ്ട് കാണാതിരിക്കുന്നു? ഇവിടെ റെഗുലേറ്ററി കമ്മിഷൻ സർക്കാർ നിലപാട് അംഗീകരിച്ചു. അതിന്റെ ഭാഗമായി അത് പുനഃസ്ഥാപിക്കുകയും ചെയ്തു. ഇവിടെ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി പറഞ്ഞു, ആ കമ്പനികൾ അപ്പലേറ്റ് ട്രിബ്യൂണലിൽ അപ്പീൽ നൽകി. ട്രിബ്യൂണൽ കരാർ റദ്ദാക്കിയത് ശരി വയ്ക്കുകയാണ് ചെയ്തത്. അങ്ങനെ വന്നപ്പോൾ അതിനെതിരെ ഗവൺമെന്റും കെ.എസ്.ഇ.ബി.-യും സുപ്രീം കോടതിയിൽ അപ്പീൽ നൽകി. ആ ഭാഗം വൈദ്യുതി വകുപ്പുമന്ത്രി വിട്ടുകളഞ്ഞുവെന്ന് മാത്രം. ഈ ഗവൺമെന്റ് അപ്പീൽ നൽകിയെന്ന മട്ടിലാണ് പറയുന്നത്. അന്നുതന്നെ അതിനെതിരെ സുപ്രീം കോടതിയിൽ അന്നത്തെ എൽ.ഡി.എഫ്. ഗവൺമെന്റും കെ.എസ്.ഇ.ബി.-യും അപ്പീൽ നൽകി. കൃത്യമായ മാനദണ്ഡം പാലിച്ചുകൊണ്ട് കരാറിൽ ഏർപ്പെട്ടിരുന്നെങ്കിൽ

റെഗുലേറ്ററി കമ്മിഷന് ഇതിൽ ഇടപെടാൻ കഴിയുമായിരുന്നില്ല. ആ വീഴ്ച വരുത്തിയത് 2015-ലെ യു.ഡി.എഫ്. ഗവൺമെന്റാണ്. അപ്പോൾ ഇതിനിടയാക്കിയത് യു.ഡി.എഫ്. ഗവൺമെന്റിന്റെ മാനദണ്ഡം പാലിക്കാതെയുള്ള ഒപ്പിടലാണ്. അതാണ് കാണേണ്ട വസ്തുത.

2023-നുശേഷം ഇപ്പോൾ പറയുന്ന എൽനിനോ വലിയതോതിൽ ഉണ്ടായിരുന്നല്ലോ. മഴക്കുറവും വലിയ തോതിൽ അനുഭവപ്പെട്ടതാണ്. പക്ഷേ നമ്മൾ ഇന്ന് കാണുന്നപോലെ നാട്ടുകാർക്കാകെ വിഷമമുണ്ടാക്കുന്ന ലോഡ്ഷെഡ്ഡിങ് വേണ്ടിവന്നില്ല. അന്ന് കൂടിയ വിലയ്ക്ക് വൈദ്യുതി വാങ്ങിയിട്ടുണ്ടാകും. ആ ഘട്ടത്തിൽ വേറെ വഴിയില്ലായിരുന്നു. മിച്ച വൈദ്യുതിയുള്ള സംസ്ഥാനങ്ങളുമായി സ്വാപ്പിങ് കരാറുകൾ ഉണ്ടാക്കിയെന്നത് ശരിയാണ്. സ്വാപ്പിങ് കരാറനുസരിച്ചുള്ള വൈദ്യുതി തിരിച്ചുകൊടുക്കുക എന്നുപറഞ്ഞാൽ ജൂലൈക്ക് ശേഷമുള്ളതാണല്ലോ ആഗസ്റ്റും സെപ്റ്റംബറും. നമ്മുടെ ജലവൈദ്യുത പദ്ധതികളെല്ലാം നല്ല നിലയിൽ പ്രവർത്തിക്കുന്ന ഘട്ടമല്ലേ അത്. ആ ഘട്ടത്തിൽ സ്വാഭാവികമായി നമുക്ക് തിരിച്ചുകൊടുക്കാൻ

കഴിയും. അതല്ലേ എൽ.ഡി.എഫ്. ഗവൺമെന്റ് കണ്ടത്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ദീർഘവീക്ഷണം ശരിയായ രീതിയിലുണ്ടായി എന്നല്ലേ അത് കാണിക്കുന്നത്. ഞാൻ പറഞ്ഞ തരത്തിലുള്ള അലംഭാവവും കെടുകാര്യസ്ഥതയും തന്നെയാണ് ഇപ്പോഴത്തെ പ്രശ്നം.

മി. സ്പീക്കർ: അങ്ങേയ്ക്ക് ഇനി എത്ര സമയംകൂടി വേണ്ടി വരും?

ശ്രീ. പിണറായി വിജയൻ: സർ, രണ്ട് മിനിറ്റിനുള്ളിൽ നിർത്താം. ഇതിനുപിന്നിൽ ഒരു രാഷ്ട്രീയമുണ്ട്. അത് നാം കാണണം. നമ്മുടെ രാജ്യത്തെ മൊത്തം വൈദ്യുതി ഉത്പാദനശേഷിയെടുത്താൽ പരമാവധി ആവശ്യകതയുടെ ഇരട്ടി രാജ്യത്ത് ഉല്പാദിപ്പിക്കുന്നുണ്ട്. പിന്നെ എന്തുകൊണ്ടാണ് വൈദ്യുതി പ്രതിസന്ധി ഉണ്ടാകുന്നത്. നമ്മുടെ രാജ്യത്തെ ഉല്പാദനത്തിന്റെ 60 ശതമാനത്തോളം, ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരത്തെ സൂചിപ്പിച്ച അദാനിയും അംബാനിയും ടാറ്റയും അടക്കമുള്ള സ്വകാര്യ കുത്തക കമ്പനികളുടെ കൈയിലാണ്. അതിന്റെ ഭാഗമായുള്ള നടപടികളാണ് ഇത്തരത്തിലുള്ള ക്ഷാമത്തിലേക്ക് എത്തിക്കുന്നതെന്നുള്ളത് നമ്മൾ കാണണം. ഇതിന്

ദീർഘകാല പദ്ധതികളും കരാറുകളും വേണം. അതുകൊണ്ടുമാത്രമേ ഇതെല്ലാം പരിഹരിക്കാനാവൂ. ഈ വിഷയം ഇനി കൂടുതൽ സംസാരിക്കാനും എനിക്ക് വലിയ പ്രയാസമില്ല. കാരണം വൈദ്യുതി രംഗത്ത്...

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, അങ്ങ് പ്രസംഗത്തിന്റെ ആദ്യഭാഗത്ത് ഒരു കാര്യം പറഞ്ഞു. ഞാൻ തന്നെ ഞെട്ടിപ്പോയി. പുതുതായി 156 മെഗാവാട്ടാണ് കഴിഞ്ഞ 10 വർഷമായി കഴിഞ്ഞ ഗവൺമെന്റ് ഉണ്ടാക്കിയതെന്ന് ഞങ്ങൾ പറഞ്ഞു. അത് തെറ്റാണെന്നും 2200-ഓളം മെഗാവാട്ട് പുതിയതായി ഉണ്ടാക്കിയെന്നും അങ്ങ് പറഞ്ഞു. പിന്നീട് അങ്ങ് പറഞ്ഞത് 2200-ഓളം മെഗാവാട്ടിന് ലോങ് ടേം എഗ്രിമെന്റ് കഴിഞ്ഞ കാലത്ത് വച്ചുയെന്നാണ്. അപ്പോൾതന്നെ 4400 മെഗാവാട്ടായി. കേരളം ഏകദേശം 1600 മെഗാവാട്ടോളം ഉല്പാദിപ്പിക്കുന്നുണ്ട്. 4400-ഉം 1600-ഉംകൂടി കൂട്ടുമ്പോൾ 6000 മെഗാവാട്ടായി. ആ കണക്ക് ശരിയാണെങ്കിൽ ഒരു പ്രശ്നവുമില്ല. ഒരു മെഗാവാട്ട് വൈദ്യുതിപോലും പുറത്തുനിന്ന് വാങ്ങേണ്ട ആവശ്യമില്ല. അപ്പോൾ അങ്ങയുടെ ആ കണക്ക് തീർത്തും തെറ്റാണ്.

രണ്ടാമത്, ടി. കെ. ജോസ് അധ്യക്ഷനായ കരാർ റദ്ദാക്കിയെന്ന് അങ്ങ് ഒരു വിശദീകരണം പറഞ്ഞു. ഒരു കൊല്ലം ഞങ്ങളുടെ ഗവൺമെന്റും ഏഴ് കൊല്ലം നിങ്ങളുടെ ഗവൺമെന്റും എട്ട് കൊല്ലം വാങ്ങിച്ച് കഴിഞ്ഞിട്ടാണ് പ്രൊസീജർ ഇർറെഗുലാരിറ്റി....., ആ കമ്മിഷനിൽ നിങ്ങളുടെ പൊളിറ്റിക്കൽ അപ്പോയിന്റ്മെന്റ്സ്.... ശ്രീ. ടി. കെ. ജോസ്, അദ്ദേഹം ഉദ്യോഗസ്ഥനായിരുന്ന ആളാണ്. അതിനുമുമ്പത്തെ വൈദ്യുതി വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എം. എം. മണിയുടെ പ്രൈവറ്റ് സെക്രട്ടറിയടക്കമുള്ള ആളുകൾ..... റെഗുലേറ്ററി കമ്മിഷനിലെ മുഴുവൻ അംഗങ്ങളും നിങ്ങളുടെ പാർട്ടിക്കാരായിരുന്നില്ലേ. അത് നിങ്ങളുടെ പൊളിറ്റിക്കൽ അപ്പോയിന്റ്മെന്റ്സ് ആയിരുന്നില്ലേ? എന്നിട്ട് ഇലക്ട്രിസിറ്റി ബോർഡിലെ നിങ്ങളുടെ യൂണിയന്റെ ആളുകളെല്ലാവരും കൂടിയല്ലേ എട്ടു കൊല്ലം കഴിഞ്ഞിട്ട് കരാർ റദ്ദാക്കിയത്? ഉമ്മൻ ചാണ്ടിയുടെ കാലത്ത് കരാർ റദ്ദാക്കിയില്ലല്ലോ; ഏഴ് കൊല്ലവും റദ്ദാക്കിയില്ലല്ലോ. എട്ടാമത്തെ കൊല്ലം വന്നപ്പോൾ നിങ്ങൾ പൊളിറ്റിക്കൽ അപ്പോയിന്റ്മെന്റ് നടത്തിയ റെഗുലേറ്ററി

കമ്മിഷനിലെ ആളുകൾ ഇത് റദ്ദ് ചെയ്തു. അതുകഴിഞ്ഞ് അഞ്ചുമാസം കഴിഞ്ഞിട്ടാണ് 108 അപ്പീൽ ചെയ്ത് കമ്മീഷന് കത്ത് കൊടുത്തത്. അങ്ങ് ഇങ്ങനെ കഥ പറയുമ്പോൾ ഇതുകൂടി യാഥാർഥ്യമല്ലേ എന്നതാണ് എന്റെ ചോദ്യം?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇനി എന്റെ സമയം നിയന്ത്രിക്കാൻ പാടില്ലെന്നാണ് തോന്നുന്നത്. കാരണം ഇതിനൊക്കെ വിശദമായി പറയണ്ടേ, അല്ലെങ്കിൽ വിഷമമല്ലേ. ഞാൻ ഇവിടെ നേരത്തെ പറഞ്ഞ ആ കാര്യം, ഒരു തരത്തിലും കണക്കുകൾക്ക് തടസ്സമായി വരുന്നതല്ല. അധികമായി ഗ്രിഡിലേക്ക് ചേർത്തത് 2092 മെഗാവാട്ട് വൈദ്യുതിയാണെന്നാണ് ഞാൻ പറഞ്ഞത്. സോളാർ വൈദ്യുതി അല്ലേ? ഇവിടെ കാണേണ്ട കാര്യമാണ് അതെല്ലാം. നമ്മുടെ നാട്ടിൽ ആശ്രയിക്കാൻ കഴിയുന്ന വൈദ്യുതി ഉല്പാദനം എന്നുപറയുന്ന മേഖല പ്രധാനമായും സോളാറാണ്. താപവൈദ്യുതി നിലയം സ്ഥാപിക്കാൻ ആളുകൾ സമ്മതിക്കുന്നില്ലെന്ന് ഇവിടെ അദ്ദേഹം പറഞ്ഞു. താപവൈദ്യുതി നിലയം ആളുകൾ സമ്മതിക്കാത്തതല്ല, താപവൈദ്യുതി നിലയം നമുക്ക്

സ്ഥാപിക്കാനാകില്ല. കാരണം അതിന് വില വളരെ കൂടുതലാണ്. നേരത്തെ ഡീസൽ ഉണ്ടായിരുന്നു. പിന്നെ ഏറ്റവും കുറവ് നാഫ്ത ആണെന്നാണ് കണക്കാക്കിയത്. പക്ഷേ അതിനെല്ലാം വില വളരെ കൂടുതലാണ്. ന്യൂക്ലിയർ തുടങ്ങിയാൽ വിഷമമായിരിക്കും. ന്യൂക്ലിയറിനെ സംബന്ധിച്ച്, ഏറ്റവുമൊടുവിൽ വന്ന ഭേദഗതി അനുസരിച്ച് ന്യൂക്ലിയർ അപകടങ്ങളുണ്ടായാൽ നഷ്ടപരിഹാരം കൊടുക്കുന്നതിന് കമ്പനികൾക്ക് ബാധ്യതയില്ല. അങ്ങനെയുള്ള ഭേദഗതി വന്നുകഴിഞ്ഞിട്ടുണ്ട്. നേരത്തേ ഭോപ്പാലിന്റെ കാര്യത്തിൽ ഉള്ളതുപോലെയല്ല ഇപ്പോഴത്തെ അവസ്ഥ. വലിയ തോതിലുള്ള അപകടം വരുത്തിവയ്ക്കുന്ന ഒന്നാണ് ന്യൂക്ലിയർ. നമ്മുടെ നാടിന്റെ രീതി മനസ്സിലാക്കാതെ നമുക്ക് പെട്ടെന്ന് ആവശ്യമുണ്ട് എന്നുള്ളതുകൊണ്ട് ന്യൂക്ലിയറിലേക്ക് എടുത്തുചാടിയാൽ വലിയ പ്രയാസങ്ങളുണ്ടാക്കും എന്നാണ് തോന്നുന്നത്. ന്യൂക്ലിയറിനെപ്പറ്റി ചില വർത്തമാനങ്ങൾ കേട്ടതുകൊണ്ടാണ് അതും സാന്ദർഭികമായി ഞാൻ പരാമർശിക്കുന്നത്.

*Adjournment Motion*

ഞാൻ പറഞ്ഞുവന്നത്, ഞാൻ പറഞ്ഞ കണക്ക് വസ്തുതാപരമാണ്. റെഗുലേറ്ററി കമ്മിഷൻ സർക്കാരിന്റെ താല്പര്യമനുസരിച്ചല്ല പ്രവർത്തിച്ചത് എന്നത് വസ്തുതയാണ്. സർക്കാർ റെഗുലേറ്ററി കമ്മിഷന്റെ തീരുമാനത്തോട് യോജിച്ചില്ല. അതുകൊണ്ടുതന്നെയാണ് ആ നിലപാടെടുത്തത്. റെഗുലേറ്ററി കമ്മിഷനിൽ ആരാണ് എന്നുള്ളതല്ല, റെഗുലേറ്ററി കമ്മിഷനെടുത്ത നിലപാടിനോട് സർക്കാർ എന്ത് സമീപനം സ്വീകരിച്ചു എന്നുള്ളതാണ് കാര്യം. അന്ന് അസന്നിഗ്ധമായിത്തന്നെ ആ നിലപാടിനോട് യോജിക്കാത്ത നിലയാണ് സർക്കാർ സ്വീകരിച്ചത്. അതിന്റെ ഭാഗമായി തന്നെയാണ് നയപരമായ നിർദേശം നൽകിയത്. അത് അവർക്ക് അംഗീകരിക്കേണ്ടി വന്നു. സുപ്രീം കോടതിയിലുള്ള കേസ് ഭംഗിയായി നടത്തുക എന്നതാണ് ഇപ്പോൾ വേണ്ടത്. അതിന്റെ ഭാഗമായി ആ കരാർ പുനഃസ്ഥാപിക്കാൻ സംസ്ഥാന സർക്കാർ ശ്രമിച്ചതാണ്. ആ ശ്രമം തുടർന്നും നടത്തുക എന്നതാണ് ഇന്നത്തെ നിലയിൽ വേണ്ടത്.

## *Adjournment Motion*

കേന്ദ്ര സർക്കാർ കെ.എസ്.ഇ.ബി.-യെ മൂന്ന് കമ്പനികളാക്കാനാണ് എല്ലാകാലത്തും ശ്രമിച്ചുകൊണ്ടിരിക്കുന്നത്. സ്വകാര്യവൽക്കരണത്തിനാണ് അവർക്ക് വലിയ താല്പര്യം. അത്തരമൊരു ഘട്ടത്തിൽ പൊതുമേഖലയെ ദുർബലപ്പെടുത്തി സ്വകാര്യമേഖലയെ മഹത്വവൽക്കരിക്കത്തക്ക വിധത്തിൽ, അവർക്കാണ് രക്ഷിക്കാൻ പറ്റുന്നത് എന്നൊരു ചിത്രമുണ്ടാക്കുന്ന നടപടികൾ നമ്മുടെ ഭാഗത്തുനിന്നുമുണ്ടാകരുത്. അങ്ങനെയുള്ള ഗൂഢഉദ്ദേശ്യം ഇതുപോലുള്ള കാര്യങ്ങളിൽ ഉയർന്നുവരുന്നുണ്ടോ എന്നത് ഗൗരവമായി കാണേണ്ടതാണ്. കോർപ്പറേറ്റ് ഭീമന്മാർ ഈ രംഗത്ത് കടന്നുവരാൻ ശ്രമിക്കുന്ന ഘട്ടമാണ്. അത് കണ്ടുകൊണ്ട് അതിനെ തടയിടാനുള്ള നടപടികൾ നമ്മുടെ ഭാഗത്തുനിന്നും വേണം. അവർക്ക് ഒരു തരത്തിലും അവസരവും കൊടുക്കാൻ പാടില്ല. ഇത് ഗൗരവമായ വിഷയമായതുകൊണ്ടാണല്ലോ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കടക്കം ഇടപെട്ട് സംസാരിക്കേണ്ടി വന്നത്. ഈ വിഷയം ചർച്ച ചെയ്യുന്നതായിരുന്നു നല്ലത്. ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുകയാണ്.

*Adjournment Motion*

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. പിണറായി വിജയനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. കെ. രാജൻ</u>: സർ, നമ്മുടെ നാട് കുറെക്കാലമായി ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന ഗുരുതരമായൊരു പ്രശ്നം ഇവിടെ ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് പ്രതിപക്ഷം സഭ മുമ്പാകെ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അവതരിപ്പിച്ചത്. മൺസൂൺ കാലത്തേക്ക് എത്ര മെഗാവാട്ട് വൈദ്യുതി വേണ്ടിവരുമെന്നത് എങ്ങനെയാണ് പ്ലാൻ ചെയ്യുന്നതെന്ന ഒറ്റകാര്യം മാത്രമാണ് ഞാൻ ചോദിക്കുന്നത്. സ്വാഭാവികമായും കഴിഞ്ഞ വർഷത്തെ ഉപഭോഗം, മുൻകാലത്തുണ്ടായിരുന്ന ആവശ്യകത, സ്വാഭാവിക വർധനവ്, സാധ്യതാ വ്യതിയാനങ്ങൾ എന്നിവ കണക്കാക്കിക്കൊണ്ടായിരിക്കും വരാൻ പോകുന്ന കാലത്തേക്ക് എത്ര വൈദ്യുതി വേണ്ടിവരുമെന്നത് കെ.എസ്.ഇ.ബി. പ്ലാൻ ചെയ്യുന്നത്. ഇത് ആലോചിക്കുമ്പോൾ ജനുവരി, ഫെബ്രുവരി മാസത്തിൽ മൺസൂൺ മഴ

നോർമലായിരിക്കുമെന്നാണ് ഐ.എം.ഡി.-യുടെ പ്രവചനം. അക്കാര്യം പരിശോധിച്ചാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും റവന്യൂ വകുപ്പുമന്ത്രിക്കും അറിയാൻ സാധിക്കും. ആ കണക്കുവച്ച് 4200-നും 4300-നുമിടയിലെ മെഗാവാട്ട് വൈദ്യുതി ഉപയോഗം ഇത്തവണ ജൂൺ, ജൂലൈ മാസങ്ങളിൽ ഉണ്ടായിരിക്കുമെന്നാണ് പ്ലാൻ ചെയ്തത്. എൽ നിനോ എന്ന പ്രതിഭാസം ഉണ്ടാകുമെന്ന് മേയ് മാസത്തിന്റെ അവസാനമാണ് ഈ ഗവൺമെന്റ് മുമ്പാകെയോ കേരളം മുമ്പാകെയോ ഐ.എം.ഡി. നിർദേശം നൽകിയത് എന്നത് യാഥാർത്ഥ്യമാണ്. അതുസംബന്ധിച്ച് പറഞ്ഞതെല്ലാം ഞാൻ അംഗീകരിക്കുന്നു. എന്നാലിവിടെ പറഞ്ഞതിൽ എനിക്ക് തീരെ മനസ്സിലാകാത്തത്, 4200 മെഗാവാട്ട് വൈദ്യുതിയാണ് നേരത്തെയുള്ള ഉപയോഗം വച്ച് നാം പ്ലാൻ ചെയ്യുന്നത്. കരാറിൽ 465 മെഗാവാട്ട് വൈദ്യുതി ലഭിക്കുമായിരുന്നെങ്കിൽ അതുംകൂടെക്കൂട്ടി 4200 മെഗാവാട്ട് വൈദ്യുതിയെന്നല്ലേ നാം പ്ലാൻ ചെയ്യേണ്ടത്. കരാറിലെ വൈദ്യുതി ലഭിക്കാതെയിരുന്നപ്പോൾ വൈദ്യുതി ലഭിക്കില്ലെന്ന് കരുതി 4200 ആണ് നാം പ്ലാൻ ചെയ്യുന്നത്.

അതുകൊണ്ട് കരാറിലെ വൈദ്യുതി ലഭിക്കാത്തതുകൊണ്ടാണ് ഇപ്പോഴത്തെ പ്രതിസന്ധി എന്നുപറയുന്നത് ശുദ്ധമായ കളവാണ്. എൽ നിനോ പ്രതിഭാസം ആദ്യമായിട്ടാണോ ഉണ്ടാകുന്നത്? 2023-ൽ എൽ നിനോ പ്രതിഭാസമുണ്ടായി. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ, എൽ നിനോ പ്രതിഭാസം ദേശീയ വ്യാപകമായുണ്ടായി. ആ സമയത്ത് മഴ കുറയുകയും ജൂൺ, ജൂലൈ മാസങ്ങളിൽ മഴ പെയ്യാതിരുന്നുവെന്ന് മാത്രമല്ല ആ ഘട്ടത്തിൽ ഈ കരാർ റദ്ദ് ചെയ്യുന്ന നടപടി സ്വീകരിക്കുകയും ചെയ്തു. എന്നിട്ടും കേരളത്തിൽ പവർകട്ടും ഇത്തരത്തിലുള്ള ലോഡ്ഷെഡിങ്ങുമുണ്ടാകുന്ന സ്ഥിതി വിശേഷത്തിലേക്ക് പോയില്ലല്ലോ. നിങ്ങൾ ഒരു ഗോൾഡൻ അവർ ഉപയോഗിക്കാതെ നഷ്ടപ്പെടുത്തിയെന്നതാണ് ഞങ്ങളുടെ പരാതി. യഥാർഥത്തിൽ ഇടപെടേണ്ടിയിരുന്ന സമയം മേയ് മാസം അവസാനം മുതൽ ജൂൺ മാസത്തിലെ രണ്ട് ആഴ്ചകളിലായിരുന്നു. മേയ് മാസം 31-ാം തീയതി കെ.എസ്.ഇ.ബി.-യിലെ പരിചയസമ്പന്നരായ ഉയർന്ന ഉദ്യോഗസ്ഥരെല്ലാം വിരമിച്ചു. തുടർച്ചയായിട്ടുള്ള കാര്യക്ഷമത നിലനിർത്തിക്കൊണ്ടുള്ള

ക്രമീകരണങ്ങൾക്ക് മുൻഗണന നൽകുന്നതിനുപകരം രാഷ്ട്രീയ സ്ഥലമാറ്റങ്ങളുടെകൂടി വേദിയായി കെ.എസ്.ഇ.ബി. മാറി. ഉഭയകക്ഷി കരാറുകൾക്കോ മറ്റുസംസ്ഥാനങ്ങളുമായിട്ടുള്ള രാഷ്ട്രീയ ചർച്ചകൾക്കോ ആ ഘട്ടത്തിൽ മുൻഗണന നൽകിയില്ല. ആരെല്ലാം മന്ത്രിമാരാകും, ഏതെല്ലാം ചുമതലകൾ വഹിക്കും എന്ന കാര്യത്തിലായിരുന്നു തർക്കം.

<u>മി. സ്പീക്കർ</u>: പ്ലീസ്.....പ്ലീസ്....ഓർഡറിലാക്കു.

<u>ശ്രീ. കെ. രാജൻ</u>: സർ, ഗൗരവമായൊരു പ്രശ്നമാണിത്. ചൂട് കൂടുമ്പോൾ വൈദ്യുതി മിച്ചമുള്ള ഹിമാചൽ, വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ, വലിയ ക്യാപ്റ്റീവ് നിലയങ്ങൾ തുടങ്ങിയ പല വിധത്തിലുള്ള സാധ്യതകൾ പ്രയോഗിക്കാവുന്ന നമ്മളെ സംബന്ധിച്ചിടത്തോളമുള്ള ഒരു ക്രൈസിസിന്റെ പീക്ക് ടൈം അഥവാ ഒരു ഗോൾഡൻ അവർ യഥാർഥത്തിൽ നഷ്ടമായി. ഗോൾഡൻ അവറിൽ ഏതെങ്കിലും വിധത്തിലുള്ള ബ്യൂറോക്രസിയെ മാത്രം നാം വിശ്വസിക്കരുത്. അവിടെയാണ് ഒരു രാഷ്ട്രീയ നേതൃത്വമുണ്ടാകേണ്ടത്. മറ്റുസംസ്ഥാനങ്ങളുമായി ഉഭയകക്ഷി ചർച്ചകളിലൂടെ ആ പ്രശ്നം പരിഹരിക്കാൻ

കഴിയേണ്ട ഒരു രാഷ്ട്രീയ നേതൃത്വം ഈ ഘട്ടത്തിൽ സമ്പൂർണ്ണമായി നിശബ്ദമായിയെന്ന ഗൗരവമായ പ്രശ്നമുണ്ട്. 2015-ൽ യു.ഡി.എഫ്. ഗവൺമെന്റുണ്ടാക്കിയ കരാർ ഏഴ് വർഷത്തിനുശേഷം റദ്ദ് ചെയ്തതിനെക്കുറിച്ച് സൂചിപ്പിച്ചല്ലോ. അങ്ങേയ്ക്ക് നന്നായി അറിയാവുന്നതുപോലെ, റെഗുലേറ്ററി അതോറിറ്റി എന്നത് ഒരു അർധ ജുഡീഷ്യൽ സംവിധാനമാണ്. അല്ലെങ്കിൽ 2015-ൽ മനോഹരൻ ചെയർമാനായിട്ടുള്ള റെഗുലേറ്ററി അതോറിറ്റി യു.ഡി.എഫ്. തന്നെ കൊണ്ടുവന്ന കരാറിന് നിയമ സാധ്യതകളില്ലെന്ന് പറഞ്ഞ് തള്ളുമ്പോൾ അക്കാര്യത്തിൽ എന്തെല്ലാം ഇടപെടലുകളാണ് ഗവൺമെന്റിന് നടത്താൻ സാധിച്ചത്. അതിന് നിയമ സാധുതയില്ലെന്ന് യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് റെഗുലേറ്ററി അതോറിറ്റി പറഞ്ഞപ്പോൾ, ആ ഘട്ടത്തിൽ ഒരു അർധ ജുഡീഷ്യൽ സ്ഥാപനം പറഞ്ഞതുപോലെയുള്ള സ്ഥിതിവിശേഷമല്ലേ ഉണ്ടായത്. ഈ ചെറിയ കാലത്തിനിടയിൽ നമ്മൾ നേരിട്ട ദുരന്തങ്ങൾ എന്തെല്ലാമാണെന്ന് നിങ്ങൾ കണക്കുകൂട്ടി നോക്കു; പവർകട്ടിനിടയിൽ ഓക്സിജൻ ലഭിക്കാതെ മരിച്ച പാലക്കാട് ജില്ലയിലെ

*Adjournment Motion*

കൃഷ്ണൻകുട്ടിയുടെ കുടുംബത്തിനോട് ആരാണ് സമാധാനം പറയുക? പാലക്കാട് കൃഷ്ണൻകുട്ടി ഓക്സിജൻ ലഭിക്കാതെ അർധരാത്രിയിൽ മരണപ്പെട്ടുവെന്ന് കാണിച്ച് ആരോഗ്യപ്രവർത്തകയായ ചിത്ര അഭയ് നൽകിയ ഒരു ഫെയ്സ്ബുക്ക് പോസ്റ്റുണ്ട്. ഞാൻ അത് വായിക്കുന്നില്ല. പക്ഷെ അങ്ങ് ഇത് കേൾക്കണം. മരണപ്പെട്ട കൃഷ്ണന്റെ മകൾ അർധരാത്രിയിൽ എന്നെ ഫോൺ വിളിച്ചതിനെത്തുടർന്ന് ഞാൻ അവിടെ പോയപ്പോൾ, ആശുപത്രിയിൽനിന്ന് പൂർണ്ണമായും സുഖം പ്രാപിച്ച് വന്ന കൃഷ്ണൻ മരണത്തിന്റെ മുമ്പിൽവച്ച് ഞങ്ങളുടെ കൈയിൽനിന്നും നഷ്ടപ്പെട്ടു. കെ.എസ്.ഇ.ബി.-യോട് പവർകട്ടിനെ സംബന്ധിച്ച് ചോദിച്ചപ്പോൾ ഇൻവെർട്ടർ ഇല്ലേ എന്ന ചോദ്യമാണ് തിരികെ ചോദിച്ചത്. വൈദ്യുതി നിലക്കുമ്പോൾ അണഞ്ഞുപോകുന്നത് കേവലം ബൾബുകൾ മാത്രമല്ല, പാവങ്ങളുടെ ശ്വാസനാളങ്ങളാണ്/ശ്വാസഗതികളാണ്. ഒരു ജനതയെ ശ്വാസം മുട്ടിച്ചുകൊണ്ട് ഏത് വികസനത്തെക്കുറിച്ചാണ് നാം ചർച്ച ചെയ്യാൻ പോകുന്നത്. തൃശ്ശൂർ മെഡിക്കൽ കോളേജിൽ ശസ്ത്രക്രിയ മുടങ്ങിയതിനെക്കുറിച്ച് വളരെ ഗൗരവമായ അനുഭവങ്ങളും സംഭവങ്ങളുമുണ്ടായി.

ഏതെങ്കിലും വിധത്തിലുള്ള ഇടപെടലുകൾ ആഘട്ടത്തിൽ നടത്തിയിട്ടുണ്ടോ; പത്ത് വർഷക്കാലം കേരളം കാണാത്ത, കേൾക്കാത്ത, അനുഭവിക്കാത്ത തുടർച്ചയായ പവർകട്ട്, ലോകകപ്പ് ഫുട്ബോൾ നടക്കുമ്പോൾ അത് കണ്ടിരിക്കുന്നവരെ പ്രതിരോധത്തിന്റെയും പ്രതിഷേധത്തിന്റെയും മുനയിലെത്തിച്ച ഈ പവർകട്ട് ഇവിടെ ഇരിക്കുന്ന എം.എൽ.എ.-മാർ ആരും ആ അർത്ഥത്തിൽ അംഗീകരിച്ചാൽ നാട്ടിലെ കായികപ്രേമികളുടെ മുമ്പിൽ പോകാൻ കഴിയുമെന്ന് ഞാൻ വിചാരിക്കുന്നില്ല. കൂടുതൽ സമയം എടുത്താണ് നിങ്ങളെല്ലാവരും സംസാരിച്ചത്.

<u>മി. സ്പീക്കർ</u>: യെസ്......യെസ്......

<u>ശ്രീ. കെ. രാജൻ</u>: സർ, ലോകകപ്പ് ഫുട്ബോൾ കളി കാണാൻ കഴിയാത്തത് നല്ലതായിരുന്നുവെന്ന അഭിപ്രായമുണ്ടോ? കേവലം എൽ നിനോ എന്ന പ്രതിഭാസം മാത്രമല്ല ഇതിന്റെ പ്രശ്നം. എൽ നിനോ എന്ന പ്രതിഭാസമുണ്ടായാൽ ഹ്രസ്വ-ദീർഘകാല കരാറുകളാണെങ്കിലും മിനിട്ടുകൾക്കകം ഇടപെട്ട് ആ പ്രതിസന്ധി പരിഹരിക്കേണ്ട രാഷ്ട്രീയ നേതൃത്വം

ഉറക്കത്തിലായിയെന്ന ഗൗരവമായ പ്രശ്നത്തെ, മരണപ്പെട്ടുപോയ മനുഷ്യരുടെ മുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ഞാൻ അവതരിപ്പിക്കുകയാണ്. യഥാർത്ഥത്തിൽ ഈ വിഷയത്തിൽ കുറച്ചുകൂടി ഗൗരവം കാണേണ്ടതായിരുന്നു. എന്റെ നാട്ടുകാരനായ ശ്രീ. സത്യൻ അന്തിക്കാട് ശങ്കരാടിയെക്കുറിച്ച് തോൽവിയുടെ ഒരു കഥ പറഞ്ഞത് ഞങ്ങളെ കളിയാക്കാനാണ് പത്രക്കാർ ഉപയോഗിക്കുന്നതെങ്കിലും യഥാർത്ഥത്തിൽ വൈദ്യുതി പ്രതിസന്ധിയുടെ കാരണം എന്താണെന്ന് ശങ്കരാടി ആ സിനിമയിൽ പറഞ്ഞതുപോലെയുള്ള മറുപടിയാണ് അങ്ങ് പറഞ്ഞത്. അത് ബോധ്യപ്പെട്ടില്ല. ഈ പ്രതിസന്ധിയെ ഇത്ര ചെറുതായി കണ്ട ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുകയാണ്. ഇതുൾപ്പെടെയുള്ള വിഷയങ്ങൾ ഉന്നയിച്ച് ഇന്ന് സി.പി.ഐ.-യുടെ നേതൃത്വത്തിൽ ആയിരക്കണക്കിന് പ്രവർത്തകർ നിയമസഭയിലേക്ക് മാർച്ച് നടത്തുകയാണെന്ന വിവരംകൂടി സഭയെ ഞാൻ അറിയിക്കുന്നു.

*Adjournment Motion*

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. രാജനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. കെ. പ്രവീൺ: സർ, കേരളത്തിൽ ജനിച്ചുവീഴുന്ന പിഞ്ചുകുഞ്ഞ് മുതൽ ഈ സംസ്ഥാനത്തിലെ ഒരോ പൗരനെയും നേരിട്ട് ബാധിക്കുന്നൊരു പ്രശ്നമാണിത്. സഭാനാഥനായ അങ്ങേയ്ക്കുപോലും അത് മനസ്സിലായി കാണും. ലോഡ്ഷെഡിങ്ങും പവർകട്ടുംമൂലമുണ്ടായ നേട്ടം ഒന്നുമാത്രമാണ്. റാന്തലും മെഴുകുതിരിയും എന്താണെന്ന് അറിയാത്ത ഒരു വയസ് മുതൽ പത്ത് വയസ്സുവരെയുള്ള വിദ്യാർഥികൾക്ക് അത് പരിചയപ്പെടാൻ പവർകട്ടോടുകൂടി സാധിച്ചിട്ടുണ്ട്. അതുപോലെ ലോഡ്ഷെഡിങ് എന്താണെന്ന് മനസ്സിലാക്കാനും സാധിച്ചിട്ടുണ്ട്. ഏറ്റവും വലിയൊരു അവസ്ഥയാണിത്. ആശുപത്രികളിൽ ശസ്ത്രക്രിയ മുടങ്ങുകയും കിടപ്പുരോഗികൾക്ക് ഓക്സിജൻ ലഭിക്കാത്ത അവസ്ഥയിലേക്ക് പോകുകയും ചെയ്യുന്നു. സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിലും ഈ പ്രശ്നമുണ്ടായിട്ടുണ്ട്. കഴിഞ്ഞ പത്ത് വർഷം പവർകട്ടും ലോഡ്ഷെഡിങ്ങും ഉണ്ടായിട്ടില്ല. ഏതെങ്കിലും സോഷ്യൽ

മീഡിയയിലും പത്രങ്ങളിലും ഇതിനെക്കുറിച്ച് ഒരു വാക്ക് പ്രതിപാദിക്കാൻ സാധിച്ചിട്ടുണ്ടോ; ഒരിക്കലും അത് വന്നിട്ടില്ല. കാരണം ആ കാലഘട്ടത്തിൽ ഉണ്ടായിട്ടില്ല. ആ കാലഘട്ടത്തിലും കാലവർഷത്തിന്റെ കുറവുണ്ടായിരുന്നു. പക്ഷെ അതിനെയെല്ലാം നല്ലരീതിയിൽ കൊണ്ടുപോകുന്നതിന് കഴിഞ്ഞ സർക്കാരിന് സാധിച്ചിട്ടുണ്ട്. ആസൂത്രണം കൊണ്ടാണ് അതിന് സാധിച്ചത്. നിലവിലെ സർക്കാർ അധികാരത്തിൽ വന്നപ്പോൾ അതിനുള്ള ആസൂത്രണം ഇല്ലായ്മയാണ് ഇവിടെ കാണിക്കുന്നത്. ആ കെടുകാര്യസ്ഥതയെക്കുറിച്ചാണ് ഇന്ന് ചർച്ച ചെയ്യാൻ ഞങ്ങൾ ആവശ്യപ്പെട്ടത്. അതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വ്യക്തമായി ഇവിടെ പ്രതിപാദിച്ചു. ഈ വിഷയം കൂടുതൽ ചർച്ച ചെയ്യാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. പ്രവീൺ സഭവിട്ട് പുറത്തുപോയി. സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ സഭയിൽ തിരികെ ഹാജരായി.)